(ii) For sub-clause (3), the following shall be substituted, namely:—

"(3) It shall be deemed to have come into force on the 27th day of June, 1985.

ഭേദഗതി സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും ഭേദഗതിയോടുകൂടി ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

തത്വപ്രഖ്യാപനവാക്യവും പേരും

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

In the enacting formula, for the words "Thirty fifth", the words "Thirty sixth" shall be substituted.

ഭേദഗതി സഭ അംഗീകരിച്ചു.

തത്വപ്രഖ്യാപനവാക്യവും പേരും ഭേദഗതിയോടുകൂടി ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

മൂന്നാം വായന

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): ഭേദഗതി ചെയ്ത പ്രകാരം അവസാനമായി ബിൽ പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1984-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി ബിൽ പാസാക്കാമോ എന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസായിരിക്കുന്നു.

X. ധനവിനിയോഗ ബില്ലുകൾ

1985-ലെ 3-ാം നമ്പർ മുതൽ 7-ാം നമ്പർ വരെയുള്ള ധനവിനിയോഗ ബില്ലുകൾ

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഞാൻ ഈ ധനവിനിയോഗ ബില്ലുകൾ ഒന്നിച്ചു മൂവ് ചെയ്യുകയാണ്. ഇന്നലെ ഡിമാന്റ് ചെയ്ത 1985-86-ലെ ഡിമാന്റുകളും 1985-86-ലെ അപ്രോപ്രിയേഷനും സപ്ലിമെന്ററിയുടെ അപ്രോപ്രിയേഷനും 1979 മുതൽ 1983 വരെയുള്ള വർഷങ്ങളിൽ കൂടുതലായി

LIBRARY ARCHIVES Kerala Legislative Assembly

ചെലവഴിച്ചതിന്റെ അപ്രോപ്രിയേഷനും എക്സസ് ഗ്രാന്റിന്റെ അപ്രോപ്രിയേഷനും 1985-86-ലെ സപ്ലിമെന്ററിയുടെ അപ്രോപ്രിയേഷനുമാണ്.

Sir, I introduce the Kerala Appropriation (No. 3) Bill, 1985.

Sir, I move that the Kerala Appropriation (No. 3) Bill, 1985 be taken into consideration.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, 1985-ലെ കേരള ധനവിനിയോഗ 4-ാം നമ്പർ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

1985-ലെ കേരള ധനവിനിയോഗ 4-ാം നമ്പർ ബിൽ പരിഗണനയ്ക്കെടുക്കണ മെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : 1985-ലെ കേരള ധനവിനിയോഗ 5-ാം നമ്പർ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

1985-ലെ കേരള ധനവിനിയോഗ 5-ാം നമ്പർ ബിൽ പരിഗണനയ്ക്കെടുക്കണ മെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : 1985-ലെ കേരള ധനവിനിയോഗ 6-ാം നമ്പർ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

1985-ലെ കേരള ധനവിനിയോഗ 6-ാം നമ്പർ ബിൽ പരിഗണനയ്ക്കെടുക്കണ മെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : 1985-ലെ കേരള ധനവിനിയോഗ 7-ാം നമ്പർ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

1985-ലെ കേരള ധനവിനിയോഗ 7-ാം നമ്പർ ബിൽ പരിഗണനയ്ക്കെടുക്കണ മെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : പ്രസംഗത്തിന്റെ കാര്യമില്ല. ഇന്നലെ ചർച്ച ചെയ്ത 43 കോടി രൂപയുടെ ഉപധനാഭ്യർത്ഥനയനുസരിച്ചുള്ള രൂപ ചെലവു ചെയ്യുന്നതിനു വേണ്ടിയുള്ളതാണ് ആദ്യത്തേത്. അടുത്തത് 1979 മുതൽ 83 വരെയുള്ള കാലങ്ങളിൽ ബഡ്ജറ്റ് തുകയേക്കാൾ കൂടുതൽ ചെലവഴിച്ച് എക്സസ് ഗ്രാന്റാണ്. അതിന് ഒരാക്ഷേപവുമില്ല. മുൻകാല ഗവൺമെന്റുകളുടെ കാലഘട്ടത്തിലാണ്. ഇപ്പോഴത്തേതിനെ സംബന്ധിച്ചിടത്തോളം ഇന്നലെ വോട്ട് ചെയ്യാതെതന്നെ നമ്മൾ പാസാക്കിയതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ് : വോട്ട് ചെയ്തു. പോൾ ഇല്ലായിരുന്നു.

ശ്രീ. കെ. എം. മാണി : പോൾ ഇല്ലാതെ നമ്മൾ ദുരിതാശ്വാസത്തിനുവേണ്ടി പാസാക്കിയ തുകയായതുകൊണ്ട് ഇന്നും നമുക്ക് പെട്ടെന്ന് തീർക്കാം. പ്രസംഗം ഒന്നും കൂടാതെതന്നെ പാസാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ള ധനവിനിയോഗ ബില്ലിനെ ഞാൻ ശക്തയായി എതിർക്കുകയാണ്. ഭരണപക്ഷത്തുള്ള ഘടക കക്ഷികളുടെ പ്രതിസന്ധികളും അഭിപ്രായ വ്യത്യാസങ്ങളും വളരെ തന്ത്രപൂർവ്വം അടിപ്പിച്ചും അടുപ്പിച്ചും പരിഹരിക്കപ്പെട്ട് ഈ ഗവൺമെന്റ് മൂന്ന് വർഷം പൂർത്തിയാക്കിയിരിക്കുകയാണ്. ഈ മൂന്ന് വർഷത്തെ ഭരണത്തെ നിക്ഷ്പക്ഷമതിയും ജനാധിപത്യവിശ്വാസവുമുള്ള ഒരാൾ വിലയിരുത്തുകയാണെങ്കിൽ അതിന് ഈ ഭരണത്തെ ഒരുതരത്തിലും അഭിനന്ദിക്കാനോ അനുമോദിക്കാനോ സാധിക്കുകയില്ല. മറിച്ച് ഈ ഭരണം ജനദ്രോഹപരമായ ഭരണമാണെന്ന് പറയുവാൻ മാത്രമേ സാധിക്കുകയുള്ളൂ. ഭരണം കുറേക്കൂടി ഊർജ്ജപ്പെടും, ഇരു മുസ്ലീംലീഗുകളും യോജിക്കുമെന്നതിന്റെ പേരിൽ അഞ്ചു വർഷവും ശക്തിയായിത്തന്നെ കഴിഞ്ഞ കാലഘട്ടത്തിലേതുപോലെ ഭരിക്കും എന്നാണ് സഭാനേതാവുൾപ്പെടെയുള്ളവർ അവകാശപ്പെടുന്നത്. അങ്ങനെ ശക്തിയാർജ്ജിച്ച്, കൂടുതൽ ശക്തിയാർജ്ജിച്ച് ഇത്തരത്തിലുള്ള ഭരണം കാഴ്ചവെയ്ക്കുമെന്ന് പറയുന്നത് ചിന്തിക്കുമ്പോൾ ദുഷ്ടനെ പനപോലെ വളർത്തുമെന്നു ബൈബിളിൽ പറഞ്ഞിരിക്കുന്ന വാചകമാണ് എന്റെ ഓർമ്മയിൽ വരുന്നത്. സർ, ഈ സംസ്ഥാനത്തുള്ള ജനങ്ങളുടെ ഹൃദയത്തിൽ ഈ ഗവൺമെന്റിന്റെ ജനദ്രോഹപരമായ ഭരണത്തെ മുൻനിറുത്തി രോഷം വളർന്നുകൊണ്ടിരിക്കുകയാണ്. ജനങ്ങളുടെ കാര്യം പോകട്ടെ. പ്രകൃതിപോലും ഈ ഭരണത്തെ വളരെ പ്രതികൂലമായിത്തന്നെയാണ് കാണുന്നത്. ഈ ഗവൺമെന്റ് ഭരണം ഏറ്റെടുത്ത് അധികനാൾ കഴിയുന്നതിന് മുമ്പ് ഈ ഗവൺമെന്റിന്റെ ഭരണശൈലി കണ്ടപ്പോൾ ഈ സംസ്ഥാനത്ത് ഇതിനുമുമ്പുണ്ടാകാത്ത വിധത്തിലുള്ള വരൾച്ചയാണ് അനുഭവപ്പെട്ടത്. ആ വരൾച്ചയുടെ കെടുതികൾ ഇതുവരേയും പരിഹരിക്കപ്പെടാൻ സാധിച്ചിട്ടില്ല. വളരെയധികം നാശനഷ്ടങ്ങൾ ആ വരൾച്ചമൂലം നമ്മുടെ രാജ്യത്തുണ്ടായിട്ടുണ്ട്. ധാരാളം കർഷകർ ദാരിദ്ര്യത്തിൽനിന്ന് ദാരിദ്ര്യത്തിലേക്ക് മാറ്റപ്പെട്ടിട്ടുണ്ട്.

വളരെയധികം പണം കേന്ദ്ര ഗവൺമെന്റിൽ നിന്ന് സഹായധനമായി ലഭിക്കുമെന്ന് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചു. കിട്ടിയതോ വളരെ തുച്ഛം മാത്രം. അങ്ങനെ കിട്ടിയ പണം ഏത് തരത്തിലാണ് ചെലവഴിച്ചത്? ജനോപകാരപ്രദമായ രീതിയിലാണോ? ഇതിനെക്കുറിച്ച് ഈ സഭയിൽ ഇതിനുമുമ്പ് പല ആക്ഷേപങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

ആരോപണങ്ങളും വന്നിട്ടുള്ളതാണ്. ആ 40 കോടി രൂപ ഈ സംസ്ഥാനത്ത് ജനക്ഷേമകരമായ വിധത്തിലാണോ ചെലവഴിച്ചത് എന്നുള്ളതിനെപ്പറ്റി ജനങ്ങൾ ചിന്തിക്കുന്നുണ്ട്. ജനോപകാരപ്രദമായ രീതിയിൽ ഒന്നും ചെയ്തില്ല എന്ന് ഞാൻ പറയുന്നില്ല. കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി പൈപ്പുകൾ വാങ്ങിക്കുകയും ഇടുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവഴിച്ച പണം എത്രമാത്രം ജനങ്ങൾക്ക് പ്രയോജനപ്പെട്ടിട്ടുണ്ട് എന്നുള്ളത് ഉത്തരവാദപ്പെട്ടവർ വിലയിരുത്തുന്നില്ലെങ്കിലും ജനങ്ങൾ വിലയിരുത്തിക്കൊണ്ടാണ് ഇരിക്കുന്നത്.

വരൾച്ചയ്ക്കുശേഷം വലിയ കൊടുങ്കാറ്റ് ഈ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ആഞ്ഞടിച്ച് കൃഷിക്കാരെ തളർത്തുകയാണുണ്ടായത്. അവർക്ക് ആശ്വാസം എത്തിക്കുന്നതിന് ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ല. നക്കാപ്പിച്ച എന്നതുപോലെ ചില ചില്ലറ സഹായങ്ങളൊക്കെ കൊടുത്തിട്ടുള്ളതല്ലാതെ കർഷകരെ സ്നേഹിക്കുന്ന അദ്ധ്വാന വർഗ്ഗത്തിന്റെ രക്ഷകർ എന്ന് അവകാശപ്പെടുന്നവർ പോലും വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല എന്ന കാര്യം കർഷകർ മനസ്സിലാക്കിയിട്ടുണ്ട് എന്നുള്ളത് ഉത്തരവാദപ്പെട്ടവർ ഗ്രഹിച്ചാൽ കൊള്ളാം. ഇവിടെത്തന്നെ ഈ അടുത്ത കാലത്തുണ്ടായ രൂക്ഷമായ വെള്ളപ്പൊക്കവും, പേമാരിയും, കൊടുങ്കാറ്റും, ഉരുൾപൊട്ടലും നമ്മുടെ സംസ്ഥാനത്തിന്റെ മുഖച്ഛായതന്നെ മാറ്റിയിട്ടുണ്ട്. ഭരണത്തിലൂടെ മുഖച്ഛായ മാറ്റുവാൻ സാധിക്കുന്നില്ല എങ്കിൽ പ്രകൃതിക്ഷോഭംമൂലം നമ്മുടെ സംസ്ഥാനത്തിന്റെ മുഖച്ഛായ മാറിയിട്ടുണ്ട് എന്നു മാത്രമേ ഈ ഗവൺമെന്റിന് അവകാശപ്പെടാൻ സാധിക്കുകയുള്ളൂ. പ്രകൃതിപോലും ആഗ്രഹിക്കുന്നത്, ഈ സംസ്ഥാനത്തെ ജനദ്രോഹപരമായ ഭരണം കഴിവതും വേഗം അവസാനിപ്പിക്കണമേ എന്നാണെന്നു തോന്നിപ്പോകുന്നു. അതുകൊണ്ടാവണം പ്രകൃതിക്ഷോഭം ഇങ്ങനെ തുടരെ തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ പ്രകൃതിക്ഷോഭംമൂലം ഉണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്രത്തിൽനിന്നും കൂടുതൽ സഹായം വാങ്ങുന്നതിനുവേണ്ടി ബന്ധപ്പെട്ട മന്ത്രിമാർ പോയെങ്കിലും നമ്മോട് ഉറപ്പ് പറഞ്ഞിരുന്നതുപോലുള്ള സഹായധനമൊന്നും കിട്ടിയിട്ടില്ല എന്നാണ് പത്രങ്ങളിലൂടെ മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. വെറും തുച്ഛമായ സംഖ്യയാണ് വിവിധ തരത്തിലുള്ള പ്രകൃതിക്ഷോഭംമൂലം വളരെയധികം നഷ്ടപ്പെട്ട, വളരെയധികം സാമ്പത്തികമായി തകർന്നുകൊണ്ടിരിക്കുന്ന ഈ സംസ്ഥാനത്തെ വികസനപ്രവർത്തനങ്ങളും അതുപോലെതന്നെ സാധാരണക്കാരായിട്ടുള്ള ആളുകളെ രക്ഷപ്പെടുത്തുന്നതിനും വേണ്ടി കിട്ടിയിരിക്കുന്നത്. അത് വരൾച്ചയ്ക്ക് കിട്ടിയ സാമ്പത്തികസഹായം വിനിയോഗിച്ചതുപോലെ ആകരുത് എന്ന് ഞാൻ ഈ അവസരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

എനിക്ക് മറ്റൊരു കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അറിയിക്കാനുള്ളത് ഗവൺമെന്റ് നഴ്സിംഗ് വിദ്യാർത്ഥികൾ ഈ കഴിഞ്ഞ മാർച്ച് മാസത്തിൽ നടത്തിയ പണിമുടക്കിനോടനുബന്ധിച്ച് മുഖ്യമന്ത്രിയുമായി നടന്ന ഒത്തുതീർപ്പ് വ്യവസ്ഥ പ്രകാരം അവർക്ക് രണ്ടു ദിവസത്തെ ലീവ് ഇളവു ചെയ്തുകൊടുത്തു. മുഖ്യമന്ത്രി ഇളവു ചെയ്തുകൊടുത്ത ലീവ് നഴ്സിംഗ് സർവ്വീസ് അസിസ്റ്റന്റ് ഡയറക്ടറും, ഡയറക്ടറുമായി ചേർന്ന് അസാധുവാക്കിയിരിക്കുകയാണ്. ഇതിനെതിരെ തിരുവനന്തപുരത്തുള്ള മൂന്ന് വിദ്യാർത്ഥികൾ ഹൈക്കോടതിയിൽ പോകുകയും

LIBRARY ARCHIVES Kerala Legislative Assembly

അവർക്ക് പരീക്ഷ എഴുതാനുള്ള അനുമതി ഹൈക്കോടതിയിൽനിന്ന് നൽകുകയും ചെയ്തു. വകുപ്പ് അധികാരികളുടെ ധിക്കാരപരമായ നടപടി കാരണം ധാരാളം വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതാൻ സാധിക്കാതെ വന്നിരിക്കുകയാണ്. അത് പരിഹരിക്കപ്പെടണം, അവർക്ക് പരീക്ഷ എഴുതത്തക്ക സാഹചര്യം ഉണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. എം. കെ. കേശവൻ : സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ ശക്തിയായി എതിർക്കുന്നു. ഈ തുക അനുവദിച്ചു തന്നാൽ അത് നമ്മുടെ സംസ്ഥാനത്തെ ജനങ്ങളുടെ ക്ഷേമം കണക്കാക്കി പ്രവർത്തിക്കും, ഈ ഗവൺമെന്റ് എന്നുള്ള വിശ്വാസം ഇല്ലാത്തതുകൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നത്. ഈ ഗവൺമെന്റ് അഴിമതിയും സ്വജനപക്ഷപാതവുംകൊണ്ട് കേരളം ഭരിച്ചിട്ടുള്ള ഏത് ഗവൺമെന്റിനേയും കവച്ചുവെച്ചിരിക്കുന്നു എന്ന് തെളിയിക്കുന്ന തരത്തിലുള്ള നടപടികളാണ് ഒന്നിനൊന്ന് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് അഴിമതിയിൽ നിന്ന് ഒരിഞ്ചുപോലും കര കയറാൻ കഴിയാത്ത സ്വജനപക്ഷപാതംകൊണ്ട് നമ്മുടെ രാജ്യത്തെ താറുമാറാക്കിയ ഈ ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന ധനവിനിയോഗ ബില്ലിനെ എതിർക്കാതിരിക്കാൻ ഭരണപക്ഷത്തുള്ളവർക്കുപോലും കഴിയും എന്ന് എനിക്ക് തോന്നുന്നില്ല. അതിന്റെ കഥകളൊന്നും പറഞ്ഞ് ഞാൻ സമയം കളയുന്നില്ല. അനുവദിച്ച പണം വിനിയോഗിക്കുന്നത് സംസ്ഥാനത്തിനുവേണ്ടിയല്ല, മണ്ഡലങ്ങൾക്ക് വേണ്ടിയാണ്, മണ്ഡലം മന്ത്രിമാരാണ് ഇവിടെ ഭരണം നടത്തുന്നത്. നാണംകെട്ട ഏർപ്പാട് കേരളത്തിൽ ഇതിനുമുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ല. ഒരു മന്ത്രി, ആ മന്ത്രിയുടെ വില്ലേജ്, ആ മന്ത്രിയുടെ വാർഡ് ഉൾപ്പെടെ എല്ലാം ചുരുങ്ങി നിൽക്കുന്നതല്ലാതെ നമ്മുടെ സംസ്ഥാനത്തെ ഒന്നായി കണ്ടുകൊണ്ട് സംസ്ഥാനത്തിന്റെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുക എന്നുള്ളത് കേരളത്തിലെ ഇന്നത്തെ മന്ത്രിമാരുടെ ആരുടേയും ശ്രദ്ധയിലില്ല എന്നുള്ളത് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഏത് പ്രവർത്തനം എടുത്തു പരിശോധിച്ചാലും ശരി വരൾച്ചയുടെ കാര്യമായാലും, വെള്ളപ്പൊക്കത്തിന്റെ കാര്യമായാലും ശരി, വികസന പ്രവർത്തനമായാലും ശരി അതാത് മന്ത്രിമാരുടേയും ഭരണപക്ഷ എം. എൽ. എ. മാരുടേയും കാര്യംനോക്കൽ അല്ലാതെ മറ്റൊരു കാര്യവും നമ്മുടെ സംസ്ഥാനത്ത് നടക്കുന്നില്ല, അവർക്ക് അഴിമതി നടത്താനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുത്തിരിക്കുന്നു. രണ്ടുകാര്യം പറയാം. നമ്മുടെ രാജ്യത്ത് ഇപ്പോൾ പുതുതായി പ്രഖ്യാപിക്കാൻ പോകുന്ന ജൂനിയർ ടെക്നിക്കൽ സ്ക്കൂൾ ഭരണപക്ഷത്തല്ലാതെ പ്രതിപക്ഷത്തുള്ളവർക്ക് ആർക്കെങ്കിലും കൊടുക്കാൻ ലിസ്റ്റിൽ പേര് വന്നിട്ടുണ്ടോ?

കെ. എസ്സ്. ആർ. ടി. സി. ബസ്സ് അനുവദിക്കുന്നു, ചേർത്തലയിൽ 30 ബസ് അനുവദിക്കുമ്പോൾ വൈക്കത്ത് നിന്ന് നാല് ബസ് തിരിച്ചെടുക്കുന്നു. ഇങ്ങനെയാണോ നീതി നടത്തുന്നത്? ഈ സംസ്ഥാനത്ത് എവിടെ നോക്കിയാലും ഭരണപക്ഷത്തെ ആളുകളും പ്രതിപക്ഷത്തെ ആളുകളും കേരളത്തിലെ ആളുകളാണ് എന്നുള്ളത് കണക്കിലെടുത്തുകൊണ്ട് ആ തരത്തിലുള്ള ഭരണം നടത്താൻ ഈ ഗവൺമെന്റിന് കഴിയുന്നില്ല. അതുകൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഈ സംസ്ഥാനത്ത് പി. ഡബ്ല്യു. ഡി. യുടെ പ്രവർത്തനം നടത്താൻ പണമില്ല. പണി നടത്തിയാൽ അതിന്റെ ബില്ല് കൊടുക്കാൻ കഴിയുന്നില്ല. ഞാൻ ഒരു കാര്യം പറയാം. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ നിയോജക മണ്ഡലമായ മാളയിൽ ഒരു കുഞ്ഞുപിള്ളക്ക് 60 ലക്ഷം, അബ്ദുൽ റഹിമാന് 2 ലക്ഷം, അലവിക്ക് 2 ലക്ഷം, പൗലോസിന് 3 ലക്ഷം ഇത്രയും രൂപ നമ്മുടെ രാജ്യത്ത് അനേകം ബില്ലുകൾ കുടിശ്ശിക കിടക്കുമ്പോൾ അവർക്ക് കൊടുക്കുവാൻ തീരുമാനമെടുക്കുകയും കൊടുക്കുകയും ചെയ്തിരിക്കുന്നു. നമ്മുടെ രാജ്യത്ത് മറ്റ് പ്രവർത്തനങ്ങൾ നടത്തിയ കോൺട്രാക്ടർമാരും അതുപോലുള്ള മറ്റ് ആളുകളും പണം കിട്ടാത്തതുകൊണ്ട് പ്രധാനപ്പെട്ട റോഡുകളുടേയും പള്ളിക്കൂടങ്ങളുടേയും പണികൾ മുടങ്ങിയിരിക്കുമ്പോൾ ഈ രാജ്യം ഭരിക്കുന്ന ആളുകൾ പ്രത്യേകിച്ച് മുഖ്യമന്ത്രിയെപോലുള്ള ആളുകൾ മുൻകൈ എടുത്ത് ഇത്തരം കാര്യങ്ങൾ ചെയ്യുന്നതുകൊണ്ട് എന്ത് കാര്യമാണ് ഈ രാജ്യത്ത് ഉണ്ടാകാൻ പോകുന്നത് എന്ന് ആലോചിക്കണം.

തൃശൂർ ആർ. ടി. എ. ഉണ്ട്. ആ ആർ. ടി. എ. യുടെ ഭരണം നടത്തുന്നത് ശ്രീ. ജോസ് കാട്ടൂക്കാരൻ എന്ന ആളാണ്. അദ്ദേഹം ആണ് ഈ ട്രാൻസ്പോർട്ട് അതോറിറ്റിയിലേക്കുള്ള പെർമിറ്റ് കൊടുക്കുന്ന കാര്യത്തിലും മറ്റെല്ലാ കാര്യത്തിലും തീരുമാനം എടുക്കുന്നത്. എത്ര അപേക്ഷയുണ്ടെങ്കിലും 25,000 രൂപ മുതൽ വാങ്ങിച്ചു കൊണ്ട് ഈ രാജ്യത്ത് അഴിമതി നടത്തുന്നു എന്നു പറഞ്ഞാൽ നിഷേധിക്കാൻ കഴിയുമോ ? നാട്ടികയിൽ ഇപ്പോൾ ഒരു സമരം നടക്കുകയല്ലേ? സിവിൽസപ്ലൈസിലെ ഒരു പ്രശ്നത്തെക്കുറിച്ചാണ് സമരം. ഒരു റേഷൻ കടയുടെ കാര്യം സംബന്ധിച്ച് അവിടത്തെ ജനങ്ങൾ ഒന്നടങ്കം സമരം നടത്തുകയാണ്. അങ്ങനെ ഏത് മുറയിൽ നോക്കിയലും ഈ രാജ്യത്ത് അഴിമതി നടത്തിക്കൊണ്ട്, സ്വജനപക്ഷപാതം നടത്തിക്കൊണ്ട് ഈ രാജ്യത്തെ ജനങ്ങളെ രണ്ടുതരം പൗരൻമാരായി കണ്ടുകൊണ്ട് ഭരണക്കാർക്ക് ഒരുഭാഗം ഭരണപക്ഷത്തല്ലാതവർക്ക് മറ്റൊരു ഭാഗം എന്ന രീതിയാണ്, നീതി നിഷേധിക്കുന്ന ഒരു സമ്പ്രദായം ഈ രാജ്യത്തുള്ളതുകൊണ്ട് നീതി നടത്താൻ കഴിയാത്തതായ ഒരു ഗവൺമെന്റ് കൊണ്ടുവന്ന നീതി പ്രതീക്ഷിക്കാൻ സാദ്ധ്യതയില്ലാത്ത ഒരു ഗവൺമെന്റ് കൊണ്ടുവന്ന ഈ ധനവിനിയോഗ ബില്ലിനെ ഒരിക്കൽക്കൂടി ശക്തിയായി ഞാൻ എതിർക്കുന്നു.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്. 43 കോടി രൂപ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. മാണിയെ ഏൽപ്പിച്ചാൽ അദ്ദേഹം ആ കാശ് എങ്ങനെ ചെലവഴിക്കുമെന്നുള്ളതിനെക്കുറിച്ച് സംശയം നിലനിൽക്കുന്നതുകൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നത്. ഈ ഗവൺമെന്റ് ഇതിൽ കാര്യമായി ചോദിച്ചിരിക്കുന്നത് ദുരിതാശ്വാസത്തിന് 40 കോടി രൂപയാണ്. അത് നാൽപ്പത് കോടി രൂപ പോരാ എന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത് എങ്കിൽപോലും ഈ 40 കോടി രൂപ് ഉൾപ്പെടെ കേന്ദ്രത്തിൽ നിന്ന് കിട്ടുന്ന സഹായധനവും ഉപയോഗിച്ച് ആ കാശ് ഏത് വിധത്തിലാണ്, എങ്ങനെയാണ് ചെലവഴിക്കുന്നത് അതിന് എന്താണ് സംവിധാനം എന്നുള്ളത് ഇപ്പോൾ ദുരൂഹമെന്നു മാത്രമല്ല ഭരണകക്ഷി എ. എൽ. എ. മാരുടെ ഒരു ഗ്രൂപ്പുണ്ടാക്കി വീതം വെക്കുന്ന ഒരേർപ്പാടാണോ നടക്കാൻ പോകുന്നത് എന്നുള്ള ഒരു സംശയം നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ മറ്റൊരുകാര്യം ഒരു ഗവൺമെന്റിനെ കാശ് ഏൽപ്പിക്കുമ്പോൾ ആ കാശ് ഫലപ്രദമായി വിനിയോഗിക്കാൻ പറ്റിയ ഒരു ഗവൺമെന്റാണോ ഈ ഗവൺമെന്റ്, അങ്ങനെ ഉത്തരവാദിത്വത്തോടുകൂടി ജനങ്ങളുടെ താൽപ്പര്യം പരിഗണിച്ച് പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണോ എന്ന ചോദ്യം ഉണ്ടാവുന്നു. ഇതിനുള്ള ഉത്തരം ജനങ്ങളുടെ താൽപ്പര്യത്തേക്കാളേറെ കക്ഷി താൽപ്പര്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരു സർക്കാർ, കക്ഷി താൽപ്പര്യങ്ങളേക്കാളേറെ ഗ്രൂപ്പ് താൽപ്പര്യങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ഭരണയന്ത്രം ദുർവിനിയോഗം നടത്തുന്ന ഒരു സർക്കാർ ആണ് ഇവിടെയുള്ളത് എന്നാണ്. അങ്ങനെയുള്ള ഒരു സർക്കാരിനെ ജനങ്ങളുടെ കാശ് ഏൽപ്പിച്ചാൽ അവർക്ക് കക്ഷി താൽപ്പര്യങ്ങൾക്കും ഗ്രൂപ്പ് വഴക്കിനും വേണ്ടി ഈ കാശ് ഉപയോഗിച്ച് മന്ത്രിസ്ഥാനത്തിരിക്കുമെന്നുള്ളല്ലാതെ ഈ രാജ്യത്തെ ജനങ്ങൾക്ക് ഒരു ഗുണവും ഉണ്ടാകുകയില്ല.

മറ്റൊരുനിരുത്തരവാദപരമായ കാര്യം ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. പഞ്ചസാരയുടെ വില വാണംപോലെ കുതിച്ചുകയറുന്നു. അതിനെ കുറിച്ച് കേന്ദ്രത്തിൽ പാർലമെന്റ് അംഗങ്ങൾ ചോദ്യം ചെയ്തു. കേരളം ഉൾപ്പെടെയുള്ള ചില സംസ്ഥാനങ്ങൾ കേന്ദ്രം അലോട്ട് ചെയ്ത പഞ്ചസാര പോലും എടുക്കാതെ ഇവിടെ മാർക്കറ്റിൽ കൃത്രിമമായി വിലക്കയറ്റം ഉണ്ടാക്കുന്ന നടപടിയാണ് സ്വീകരിച്ചത് എന്ന ആക്ഷേപം കേന്ദ്രമന്ത്രിതന്നെ ഉന്നയിച്ചു. ഇവിടെ ഈ സംസ്ഥാനത്തിന് അലോട്ട് ചെയ്ത പഞ്ചസാരപോലും എടുക്കാനോ അത് മാർക്കറ്റിൽ വിതരണം ചെയ്യാനോ അതിന്റെ അടിസ്ഥാനത്തിൽ വില നിലവാരം പിടിച്ചുനിർത്താനോ ഉള്ള യാതൊരു താൽപ്പര്യവുമില്ല.

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) : ദേശാഭിമാനിയിൽ അങ്ങനെയൊരു റിപ്പോർട്ടുണ്ട്. അത് ശരിയല്ല. 3,335 ടൺ പഞ്ചസാര ജൂലൈ മാസത്തിലേക്ക് അലോട്ട് ചെയ്തത് ഈ ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ട്. അത് മാവേലി സ്റ്റോറുകളിലൂടെ വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ആ റിപ്പോർട്ട് ശരിയല്ല.

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ദേശാഭിമാനി പത്രം എന്നു പറഞ്ഞ് അതിനെ ചെറുതാക്കരുത്. എല്ലാ പത്രങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. എല്ലാ പത്രങ്ങളും പ്രസിദ്ധീകരിച്ച ഒരു കാര്യം ചെറുതാക്കരുത്. പാർലമെന്റിൽ നൽകിയ ഉത്തരം ഞങ്ങൾ വായിച്ചതാണ്. ഞാൻ തെളിവെടുക്കാൻ പോയിട്ടില്ല. ഈ ഗവൺമെന്റ് ദുരൂഹത നിലനിൽക്കുന്ന ഒരു ഗവൺമെന്റാണ്. ഈ ഗവൺമെന്റിനെക്കുറിച്ച് ധാരാളം അഴിമതിയാരോപണങ്ങൾ വന്നു. പത്രങ്ങൾ നിരന്തരമായി അതിനെക്കുറിച്ചെഴുതി. മലയാള മനോരമ ശ്രീ. എം. പി. ഗംഗാധരന്റെ വകുപ്പിനെക്കുറിച്ച് നിരന്തരമായി ആക്ഷേപങ്ങൾ ഉന്നയിച്ചു. ആ സംശയം നിലനിൽക്കുമ്പോൾ ഏറ്റവും ഒടുവിൽ മാതൃഭൂമി പത്രവും മുഖപ്രസംഗം എഴുതി. അതിലെ ഒരു വാചകം വായിച്ചുകൊണ്ട് ഞാൻ നിർത്തുകയാണ്. "ആരോപണങ്ങൾക്ക് മറുപടിയായി മന്ത്രി ചെയ്ത പ്രസംഗം സംശയത്തിന്റെ പുകമറ പൂർണ്ണമായി നീക്കം ചെയ്യുന്നതിന് ഉപകരിച്ചില്ല. അതിന്റെ പ്രധാനപ്പെട്ട കാരണം വാങ്ങിക്കൂട്ടിയ പൈപ്പുകളിൽ വലിയ ഒരുഭാഗം മാസങ്ങളായി ഉപയോഗിക്കാതെ കിടക്കുന്നുണ്ടെന്നതു തന്നെയാണ്. ഇക്കാര്യത്തിൽ സംശയങ്ങൾ തീർക്കുന്നതിന് മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

തന്നെയാണ് മുന്നോട്ടുവരേണ്ടിയിരുന്നത്. അദ്ദേഹത്തിന്റെ ഇത്രയും കാലത്തെ വാചക ഡോരണി അതിന് ഉപകരിച്ചില്ല എന്നു ചൂണ്ടിക്കാണിക്കട്ടെ. സംശയത്തിന്റേയും അഴിമതിയുടേയും കാര്യക്ഷമതയില്ലായ്മയുടേയും മുഖമുദ്രയായി മാറിയിട്ടുള്ള ഈ ഗവൺമെന്റിന് ധനം ചെലവഴിക്കാൻ അവകാശമില്ല. ആ അവകാശമില്ലാത്തവർക്ക് ധനം കൊടുക്കാൻ പാടില്ല. അതുകൊണ്ട് ഞാൻ ഇതിനെ എതിർക്കുകയാണ്.

ശ്രീ. കെ. ജി. ആർ. കർത്താ : സർ, ഈ ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുന്നതോടൊപ്പം ഒന്നുരണ്ടു കാര്യങ്ങളും കൂടി ഓർമ്മിപ്പിക്കുകയാണ്. ഈ ഗവൺമെന്റ് ഭരണത്തിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ യഥാസമയം നടപ്പിലാക്കാൻ ഉദ്യോഗസ്ഥൻമാർ ശ്രദ്ധിക്കുന്നുണ്ടോ എന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ടാവണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ മന്ത്രിസഭയുടെ ഒന്നാം വാർഷികാഘോഷവേളയിൽ തൃപ്പൂണിത്തുറയിൽ ഒരു ആശുപത്രിയിൽ ബഹുനില കെട്ടിടം പണിയുന്നതിനുവേണ്ടി 19 ലക്ഷം രൂപയുടെ എ. എസ്. നൽകുകയും കെട്ടിടം ഉണ്ടാക്കാൻ തീരുമാനിക്കുകയും ചെയ്തു. ഇന്ന് ആ ഫയൽ എവിടെ കിടക്കുന്നു? അത് 1983 മെയ് മാസത്തിലാണെന്നാണ് എന്റെ ഓർമ്മ. ആ ഫയൽ അന്വേഷിച്ചിട്ട് ഇപ്പോൾ കാണുന്നില്ല. ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ കിടക്കുന്നുവെന്നു പറയുന്നു. അന്നത്തെ മന്ത്രിയുടെ കുറ്റമാണോ, ഗവൺമെന്റിന്റെ കുറ്റമാണോ? ഞാൻ അന്ന് മന്ത്രിയല്ല. ഉദ്യോഗസ്ഥൻമാരുടെ അനാസ്ഥയാണോ, മന്ത്രിയുടെ അനാസ്ഥയാണോ എന്നറിയില്ല. അത് ശരിക്ക് കൈകാര്യം ചെയ്യണം. ഈയിടെ സുപ്രീം കോടതിയുടെ ഒരു വിധി ഉണ്ടായിട്ടുണ്ട്. ഉദ്യോഗസ്ഥൻമാർ മന്ത്രിമാരുടെ ഉത്തരവുകൾ പാലിക്കുന്നില്ലായെങ്കിൽ അത് നടപ്പിലാക്കാനുള്ള മാർഗ്ഗനിർദ്ദേശം വന്നിട്ടുണ്ട്. ഞങ്ങളെപ്പോലെയുള്ള ജനപ്രതിനിധികൾ വിഷമിക്കുകയാണ്. അവിടെ ഗസ്റ്റ്ഹൗസ് ഉണ്ടാക്കിയിട്ടുണ്ട്. അതിന് ധാരാളം വാടക കൊടുക്കുന്നുണ്ട്. കമ്മിറ്റിയുണ്ട് ഒരു റിപ്പോർട്ടുണ്ട്. ഞാൻ അഭിമാനപൂർവ്വം ആ റിപ്പോർട്ട് അനുകൂലിക്കുകയാണ്. അതേയവസരത്തിൽ അതിന് സമാന്തരമായി അതിനുവേണ്ടി സ്ഥലം അക്വയർ ചെയ്യാൻ ഏർപ്പാട് ചെയ്തിട്ട് ആ ഫയൽ കണ്ടില്ലെന്ന് ഉദ്യോഗസ്ഥൻമാർ പറഞ്ഞാൽ വേദനയുണ്ട്. ഇത്തരം കാര്യങ്ങൾ വളരെവേഗം അന്വേഷിക്കണം എന്ന് മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. ജെ. ജോർജ്ജ് : സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. ഇവിടെ ഒന്നുരണ്ട് കാര്യങ്ങൾ പറയാനുണ്ട്. നമ്മുടെ സ്കൂളുകളുടെ പണി പണമില്ലാത്തതുകൊണ്ട് നടക്കാതിരിക്കുന്ന സാഹചര്യം ഉണ്ട്. പോലീസ് ക്വാർട്ടേഴ്സിന്റെ പണിയും പണമില്ലാത്തതുകൊണ്ട് നടക്കുന്നില്ല. എന്തു കാര്യം ചോദിച്ചാലും മറുപടി കിട്ടുന്നത് പണമില്ലായെന്നാണ്. നാൽപ്പത്തിമൂന്നരക്കോടി രൂപയ്ക്കുള്ള ധനവിനിയോഗബിൽ പാസ്സാക്കിയെടുക്കാനാണ് മന്ത്രി ഇത് അവതരിപ്പിച്ചിരിക്കുന്നത്. ഞങ്ങൾ കൊടുക്കുന്ന കടലാസുകൾക്കൊക്കെ, അത് ഏത് പണിയായാലും പണമില്ലായെന്നുള്ള മറുപടിയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. അങ്ങനെ തിരസ്ക്കരിക്കുമ്പോൾ ഞങ്ങൾ എങ്ങിനെയാണ് ഇതിനെ പിൻതാങ്ങുന്നത്. അതുകൊണ്ട് ഇതിനെ പിൻതാങ്ങാൻ സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

മറ്റൊരു കാര്യം പറയാനുള്ളത് ഡൽഹിയിലുള്ള കേരള ഹൗസിനെപ്പറ്റിയാണ്. രണ്ടു ചോദ്യങ്ങൾ അയച്ചിട്ട് ഇതുവരെ അതിന് മറുപടി കിട്ടിയില്ല. എത്ര രൂപ പിരിഞ്ഞുകിട്ടാനുണ്ട് എന്നുള്ള ചോദ്യത്തിന് മുഖ്യമന്ത്രി ഇതുവരെ മറുപടി തന്നിട്ടില്ല. വീണ്ടും ചോദിച്ചിട്ടും മറുപടിയില്ല. ഇങ്ങനെ ചോദിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി തരാത്തതും ജനങ്ങളെ കബളിപ്പിക്കുന്നതുമായ ഈ ഗവൺമെന്റിന് പ്രസംഗിക്കുകയല്ലാതെ കാര്യനിർവ്വഹണത്തിൽ യാതൊരു ഉത്തരവാദിത്വവുമില്ല. ഇത് തെളിയിക്കപ്പെട്ടിരിക്കുകയാണ്. അങ്ങനെ നിരവധി എതിർക്കപ്പെടാവുന്ന കാര്യങ്ങൾ ഉള്ളതുകൊണ്ട് ഗവൺമെന്റ് അവതരിപ്പിച്ചിട്ടുള്ള ധനവിനിയോഗ ബില്ലിനെ ശക്തിയുക്തം എതിർക്കുകയാണ്.

ശ്രീ. മണിമംഗലത്ത് കുട്ട്യാലി : സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പൂർണ്ണമായി അനുകൂലിക്കുന്നു. പിരിവെടുത്ത സംഖ്യ ചെലവഴിക്കരുതെന്ന് പറയുന്നത് എന്ത് രാഷ്ട്രീയമാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. കഴിഞ്ഞ കുറെ ദിവസങ്ങളായി ഡിമാന്റിന്റെ ചർച്ചാവേളയിലുമൊക്കെ ഇവിടെ നടന്ന പല ചർച്ചകളിലും പ്രതിപക്ഷത്തുള്ള പ്രമുഖൻമാരായ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ജനങ്ങളിൽ നിന്ന് പിരിവെടുക്കുന്നതിനെ അതിശക്തമായി എതിർക്കുന്ന സമീപനം സ്വീകരിച്ചതായി മനസ്സിലാക്കാൻ കഴിഞ്ഞു. ഇന്ത്യാ രാജ്യം ഉണ്ടായ കാലം മുതൽ തന്നെ ജനങ്ങളിൽനിന്ന് പിരിവെടുത്തുകൊണ്ടല്ലാതെ ഒരു ഭരണ സംവിധാനം നടന്ന കാലം ഉണ്ടായിട്ടില്ല. വിശേഷിച്ചും ഒരു വികസ്വര രാഷ്ട്രമായ നമ്മളെ സംബന്ധിച്ചിടത്തോളം സാമ്പത്തികമായി നാം വളരെയേറെ പിന്നിലാണ്. അങ്ങനെയുള്ള കേരള സംസ്ഥാനം പോലെയുള്ള കൊച്ചു സംസ്ഥാനത്തിലെ സാധാരണക്കാരേയും പാവപ്പെട്ടവരേയും ദ്രോഹിക്കത്തക്കതരത്തിൽ നികുതിപ്പിരിവ് നടത്തി അതുകൊണ്ട് ദൈനംദിന ചെലവുകളും വികസന പ്രവർത്തനങ്ങളും നടത്തുകയെന്നുള്ളതിൽ കവിഞ്ഞ് മറ്റൊരു മാർഗ്ഗം നമ്മുടെ മുൻപിലില്ല. അതുപോലെ പൊളിറ്റിക്കൽ പാർട്ടിയെന്നുള്ള നിലയിൽതന്നെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഈ പിരിവിനെ എതിർക്കാൻ സാധിക്കുമോയെന്നു ചോദിക്കാൻ ഞാനാഗ്രഹിക്കുന്നു. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി നിയമസഭയ്ക്കകത്തു വരുമ്പോൾ അവരുടെ പഴയ കഥകളെല്ലാം മറന്നുപോകുന്നതായിട്ട് തോന്നുന്നു. പട്ടി ചത്താൽ നാലണയും പെണ്ണുപെറ്റാൽ എട്ടണയും പിരിക്കുന്ന കൂട്ടരാണ് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിക്കാർ.

അച്ഛൻ ചത്താൽ ആഴ്ചപ്പിരിവ്
അമ്മ ചത്താൽ മാസപ്പിരിവ്
കർക്കിടകത്തിൽ വീഴ്ചപ്പിരിവ്
പാട്ടപ്പിരിവ്, മുട്ടപ്പിരിവ്
എഴുതിപ്പിരിവ് എഴുതാപ്പിരിവ്
ഇരുന്നാൽ പിരിവ്, കിടന്നാൽ പിരിവ്
ലാത്തിവന്നാൽ ഒക്കൊല്ലപ്പിരിവ്
ബന്ത് വന്നാൽ പിരിവോ പിരിവ്

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ പിരിവെടുത്ത് രാഷ്ട്രീയ പ്രവർത്തനം നടത്തുന്ന രാഷ്ട്രീയ പാർട്ടി കേരളത്തിലും പശ്ചിമബംഗാളിലും അധികാരത്തിൽ വന്നു. അവർ ഭരിച്ചിരുന്ന കാലഘട്ടത്തിൽ നികുതിപ്പിരിവ് നടത്താറില്ലായിരുന്നോ എന്നു ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

ശ്രീ. എം. വി. രാഘവൻ : ഞങ്ങൾ ഈ രാജ്യത്തെ സാധാരണയാളുകളിൽ നിന്ന് പണം പിരിച്ചാണ് പാർട്ടി നടത്തുന്നത്. അല്ലാതെ ആടിനേയും കോഴിയേയും അല്ല പിരിക്കുന്നത്. പണം പിരിച്ച് നിങ്ങൾ പോക്കറ്റിലാക്കുകയാണ് സി. കെ. ഗോവിന്ദൻ നായരുടെ സ്മാരകത്തിന്റെ ഫണ്ട് അടക്കം കട്ടുതിന്ന വകയല്ലേ നിങ്ങൾ.

ശ്രീ. മണിമംഗലത്ത് കുട്ട്യാലി : അതുകൊണ്ടാണല്ലോ ഉളുപ്പില്ലാതെ എ.കെ.ജി. മന്ദിരത്തിന്റെ കണക്ക് ഇതുവരെ നാട്ടുകാരോട് പറയാതിരുന്നത്. ഞാൻ ചോദിക്കട്ടെ, നിങ്ങൾക്ക് ജാതകമെഴുതുന്ന പണിയുണ്ടോ? ഉളുപ്പ് എന്ന മൂന്ന് അക്ഷരത്തിൽ ഏതെങ്കിലും ഒന്ന് ജാതകത്തിലെഴുതിയ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഉണ്ടോ എന്ന് ശ്രീ. രാഘവനോട് ചോദിക്കട്ടെ. എന്നിട്ടാണ് എന്നോട് ചോദിക്കുന്നത് ഉളുപ്പുണ്ടോ എന്ന്. ഞങ്ങൾ ഈ താണ പിരിവിന് പോകുകയില്ല. ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ഭരിക്കുന്ന പശ്ചിമബംഗാളിലും ത്രിപുരയിലും നികുതി പിരിച്ചിട്ടില്ലേ? ഇടതുപക്ഷ പ്രസ്ഥാനങ്ങൾ കേരള സംസ്ഥാനത്ത് ഭരിച്ചപ്പോൾ നികുതി പിരിച്ചിട്ടില്ലേ? പിരിച്ചിട്ടുണ്ട്. അന്ന് വരണാധികാരി വർഗ്ഗം എന്നാണ് പറഞ്ഞിരുന്നത്. ഇപ്പോൾ ഭരണപക്ഷത്തിരിക്കുന്നവരാണ് വരണാധികാരി, അവരല്ല. നേരെമറിച്ച് അവർ വരണാധികാരി വർഗ്ഗം എന്നു പറയുന്നത് ഡൽഹിയിലുള്ളവരെപ്പറ്റിയാണ്. അതല്ലേ നിങ്ങളുടെ സമീപനം? കേരള സംസ്ഥാനത്തിന്റെ ഭീകരമായ ഒരു സാമ്പത്തിക ചിത്രം ഞാൻ നിങ്ങളുടെ മുൻപാകെ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്നു. അൻപതിനായിരത്തിൽപ്പരം ആളുകൾ നമ്മുടെ സംസ്ഥാന സർവ്വീസിൽ യാതൊരു ജോലിയും ചെയ്യാതെ പ്രതിവർഷം അൻപതു കോടി രൂപ നമ്മുടെ എക്സ്ചെക്കറിൽ നിന്ന് ശമ്പളം വാങ്ങിച്ചുകൊണ്ടിരിക്കുന്നു. അതിനെക്കുറിച്ച് എന്താണ് പറയാനുള്ളത്?

ശ്രീ. എം. വി. രാഘവൻ : ഭരണത്തിന്റെ കൊള്ളരുതായ്മയാണ്.

ശ്രീ. മണിമംഗലത്ത് കുട്ട്യാലി : സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ സംസ്ഥാനം ഭരിച്ചിരുന്ന കാലത്ത് കീഴ്മേൽ നോക്കാതെ ഖജനാവിലെ പണം അനാവശ്യമായി ചെലവാക്കിയതിന്റെ ഫലമാണ് ഇന്ന് അനുഭവിക്കുന്നത്. ആറായിരത്തിൽപരം അദ്ധ്യാപകർ ഈ സംസ്ഥാനത്ത് പ്രൊട്ടക്റ്റഡ് അദ്ധ്യാപകരായുണ്ട്. 8-ാം ധനകാര്യ കമ്മീഷനോ മറ്റേതെങ്കിലും ധനകാര്യ കമ്മീഷനുകളോ സാമ്പത്തികമായ അച്ചടക്കം പുലർത്തണമെന്നു ഒരു സ്റ്റേറ്റ് ഗവൺമെന്റിനോടാവശ്യപ്പെട്ടാൽ അത് ശരിയല്ല എന്നു പറയുന്നത് രാഷ്ട്രീയമായ വിവരമില്ലായ്മയാണ്. ..... (ബഹളം).....

ശ്രീ. എ. സി. ജോസ് : സർ, ഈ സഭയിലെ ബഹുമാനപ്പെട്ട അദ്ധ്യാപകൻമാരെയാണ് അച്ചടക്കം പഠിപ്പിക്കേണ്ടത്. അദ്ധ്യാപകൻമാരാണ് ഇവിടെ ഏറ്റവും വലിയ പ്രശ്നം ഉണ്ടാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മണിമംഗലത്ത് കുട്ട്യാലി : സർ, 8-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് കേരളത്തിന് ശരിയായില്ല എന്നുള്ളത് വാസ്തവമാണെങ്കിലും കേരളത്തോട് വിവേചനം കാണിച്ചു എന്നു പറയുന്നത് ശരിയല്ല. അനാവശ്യമായ ചെലവ് ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാകാതെ സാമ്പത്തിക അച്ചടക്കം പാലിക്കണമെന്ന് ഒരു സംസ്ഥാന ഗവൺമെന്റിനോടാവശ്യപ്പെട്ടാൽ അത് പാലിക്കാതെ രക്ഷപ്പെടാൻ വേറെ വല്ല കുറുക്കു വഴിയുമുണ്ടോ? ഇന്നലെ ഇവിടെ പഞ്ചാബിനെപ്പറ്റിയും കാശ്മീരിനെപ്പറ്റിയും ആസാമിനെപ്പറ്റിയുമൊക്കെ ഞങ്ങൾ മുമ്പു പറഞ്ഞ അഭിപ്രായം പറയുന്നതു കേട്ടു. ഈ സംസ്ഥാനത്തെ സാമ്പത്തിക നില ഭദ്രമാക്കാൻ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കോ സി. പി. ഐ. ക്കോ എന്തെങ്കിലും വ്യക്തമായ നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ ഈ നിയമസഭാ വേദിയിൽ പറഞ്ഞാൽ ഞങ്ങൾ അത് സ്വീകരിക്കാം." .....(ബഹളം)..... സംസ്ഥാന വരുമാനത്തിന്റെ 59 ശതമാനത്തോളം ഉദ്യോഗസ്ഥൻമാരുടെ ശമ്പളത്തിനു വേണ്ടിമാത്രം ചെലവാക്കുന്ന ഒരു സംസ്ഥാനമാണിത്. ഈ ഉദ്യോഗസ്ഥൻമാർ ശമ്പളം പറ്റുന്നത് ജോലി ചെയ്തുകൊണ്ടുതന്നെയാണോ എന്ന് അപ്പുറത്തിരിക്കുന്നവരോട് ഞാൻ വിനയപൂർവ്വം ചോദിക്കുകയാണ്.....(ബഹളം).....ഇന്ത്യയെ സംബന്ധിച്ചിടത്തോളവും കേരളത്തെ സംബന്ധിച്ചിടത്തോളവും അത് എന്തു പറഞ്ഞാലും ശരി. ആശങ്കാകുലമായ രാഷ്ട്രീയ സാഹചര്യമല്ല ഇപ്പോൾ നിലവിലുള്ളത്. മറിച്ച് ആശാവഹമായ രാഷ്ട്രീയ സാഹചര്യമാണുള്ളത്. സമുചിതമായ രാഷ്ട്രീയ താൽപ്പര്യങ്ങൾക്കു പരി സ്റ്റേറ്റിന്റെ ഉത്തമ താൽപ്പര്യത്തിനുവേണ്ടി പ്രവർത്തിക്കാൻ അപ്പുറത്തിരിക്കുന്നവർ തയ്യാറുണ്ടോ ഇല്ലയോ എന്നുള്ളതാണ് ചോദ്യം. ഈ എസ്റ്റാബ്ലിഷ്മെന്റിന്റെ ഒരു ഭാഗമായി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അധഃപ്പതിച്ചിരിക്കുകയല്ലേ? ഇതിനെക്കുറിച്ച് പുനർചിന്തനം നടത്താൻ അപ്പുറത്തുള്ളവർ തയ്യാറുണ്ടോ? നമ്മുടെ സംസ്ഥാനത്തെ ഏറ്റവും നല്ല ഒരു സാമൂഹ്യ ക്ഷേമപരിപാടി എന്ന നിലയിൽ കർഷകത്തൊഴിലാളി പെൻഷൻ അംഗീകരിക്കാൻ ഞാൻ തയ്യാറാണ്. പക്ഷെ കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കാനുള്ള സാമ്പത്തികമായ കരുത്ത് നമ്മുടെ സംസ്ഥാനത്തിനുണ്ടോ? അതിന്റെ ദൂരവ്യാപക ഫലങ്ങൾ ആലോചിച്ചിട്ടാണോ അങ്ങനെയൊരു തീരുമാനം എടുത്തത്? അല്ല. വെറും രാഷ്ട്രീയമുതലെടുപ്പ് മാത്രമായിരുന്നു അതിന്റെ ഉദ്ദേശം.

ശ്രീ. സി. ടി. കൃഷ്ണൻ : സർ, കർഷകത്തൊഴിലാളി പെൻഷൻ ഒരു സാമൂഹ്യ ക്ഷേമ പരിപാടിയാണ്. സ്വാഗതം ചെയ്യുന്നു എന്ന് കുട്ട്യാലി പറഞ്ഞു. കർഷകത്തൊഴിലാളി പെൻഷൻ പ്രഖ്യാപിച്ച സമയത്ത് ഇത് ഖജനാവ് പാപ്പരാക്കുന്ന നടപടിയാണെന്ന് പ്രസംഗിച്ചില്ലേ?

ശ്രീ. മണിമംഗലത്ത് കുട്ട്യാലി : സർ, ഇല്ല. അങ്ങനെ പ്രസംഗിച്ചില്ല. ശ്രീ. ആര്യാടൻ മുഹമ്മദ് തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് കർഷകത്തൊഴിലാളി പെൻഷൻ പ്രഖ്യാപിച്ചപ്പോൾ എന്റെ ഓർമ്മ ശരിയാണെങ്കിൽ ഞാൻ അന്ന് ഒരു ഡിമാന്റിൽ പങ്കെടുത്തുകൊണ്ട് പ്രസംഗിച്ചത് കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കാനുള്ള സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കാൻ നമുക്ക് സാധിക്കുമോ എന്നാലോചിച്ചുകൊണ്ടാണോ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് ഈ തീരുമാനം എടുത്തത് എന്നാണ്. ഞാൻ അത് ഇപ്പോഴും ചോദിക്കുന്നു. നമുക്കത് സാധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വർഷംതോറും ശമ്പളം വർദ്ധിപ്പിച്ച് കൊടുക്കാൻ നമുക്ക് സാധിക്കുമോ? ഇതു പറയുമ്പോൾ ഉദ്യോഗസ്ഥൻമാർക്കും അദ്ധ്യാപകർക്കും എതിരാണ് കുട്ട്യാലി എന്നു പറയുന്ന സമീപനം ശരിയല്ല. വസ്തുനിഷ്ഠമായി കാര്യങ്ങൾ വീക്ഷിച്ചുകൊണ്ട് രാജ്യത്തിന്റെ ഉത്തമതാൽപ്പര്യങ്ങൾ പരിഗണിച്ചുകൊണ്ട് ഉയർന്ന നിലവാരത്തിൽ ചിന്തിക്കുവാനും ദേശീയമായ കാഴ്ചപ്പാടോടുകൂടി ഇന്ത്യാ രാജ്യത്തെ ജനകോടികളുടെ മനഃസാക്ഷി സൂക്ഷിപ്പുകാരനായ ശ്രീ. രാജീവ് ഗാന്ധി ചൂണ്ടിക്കാണിച്ചുതരുന്ന പാതയിലൂടെ നമ്മുടെ ഭാവിതലമുറയെ വാർത്തെടുക്കാൻതക്കവണ്ണമുള്ള ഒരു സാമ്പത്തിക സ്ഥിതി വാർത്തെടുത്തുകൊണ്ട് 1993-ാം മാണ്ടിലേക്കുള്ള യാത്രയിൽ ഞങ്ങളുടെ കൂടെ സഹകരിക്കാൻ നിങ്ങൾ തയ്യാറുണ്ടോ? എങ്കിൽ ഞൻ അത് സ്വാഗതം ചെയ്യുന്നു. ഞാൻ ഈ ബില്ലിനെ പിൻതാങ്ങുന്നു.

ശ്രീ. സി. ജി. ജനാർദ്ദനൻ : സർ, ഈ അപ്രോപ്രിയേഷൻ ബില്ലിനെ ഞാൻ പിൻതാങ്ങുന്നു. 86-ാമത് പി. എ. സി. കമ്മിറ്റി റിപ്പോർട്ട് ഞങ്ങളുടെ കയ്യിൽ ഉണ്ട്. നിയമസഭാ സബ്ജക്ട് കമ്മറ്റിയുടെ ആ റിപ്പോർട്ട് ആദ്യാവസാനം വായിച്ചതിൽ ഇവിടത്തെ സ്ഥിതി വളരെ ദയനീയമാണ്. ഇന്ത്യയിലെ പ്രധാനമന്ത്രി സത്യസന്ധമായ ഒരു ഭരണം ഇന്ത്യയിൽ നടപ്പാക്കാൻ ശ്രമിക്കുമ്പോൾ പാർലമെന്ററി ബോർഡ് അംഗവും വർക്കിംഗ് കമ്മിറ്റി അംഗവുമായ ശ്രീ. കരുണാകരൻ ഈ സ്ഥിതിവിശേഷം ജനങ്ങളെ മുഴുവൻ ബോദ്ധ്യപ്പെടുത്താൻ തയ്യാറാകണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. നമ്മുടെ നാട്ടിൽ ഇന്ന് ഒരു കൺസൻസസ് ഉയർന്നുവരുന്നു. ജാതി മേധാവിത്വത്തിന്റെ, ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിന്റെ വിദേശ സ്ഥാപിത താൽപര്യത്തിന്റെ ആ അപകടകരമായ കൺസൻസ് കേരളത്തിലേക്കും എത്തിനോക്കാൻ തുടങ്ങിയിരിക്കുന്നു. ന്യൂനപക്ഷങ്ങൾക്കും ആദിവാസികൾക്കും ഹരിജനങ്ങൾക്കും പിന്നോക്കസമുദായക്കാർക്കും ദ്രോഹം വരുത്തുന്ന ആ കൺസൻസസ് എവിടെ ഉണ്ടായാലും രാജ്യവ്യാപകമായ ദോഷം ചെയ്യും എന്ന് അറിയിച്ചുകൊണ്ട് ഞാൻ ഒരിക്കൽകൂടി ഈ ബില്ലിനെ പിൻതാങ്ങുന്നു.

ശ്രീ. കെ. പങ്കജാക്ഷൻ : സർ, ധനവിനിയോഗ ബില്ലുകളെ എതിർക്കുന്നു. ഇവിടെ പ്രസംഗിച്ച ബഹുമാനപ്പെട്ട കുട്ട്യാലി സാഹിബ്ബ് വർഷന്തോറും ശംബളം കൂട്ടിക്കൊടുക്കാൻ സാധിക്കുമോ കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കാൻ കഴിയുമോ എന്നൊക്കെ ചോദിച്ചു. വർഷന്തോറും ശംബളം കൂട്ടിക്കൊടുക്കണമെന്ന് ഞങ്ങളാരും പറയുകയില്ല. നിങ്ങൾക്ക് ഒരു കാര്യം ചെയ്യാൻ കഴിയുമോ? ദിവസംതോറും കുതിച്ചുകയറിക്കൊണ്ടിരിക്കുന്ന സാധനവില തടഞ്ഞുനിർത്താൻ നിങ്ങൾക്ക് കഴിയുമോ? സ്വകാര്യ കച്ചവടക്കാരെ കൊഴുപ്പിച്ചുകൊണ്ട്, സാധനങ്ങൾക്ക് ദൗർലഭ്യം ഉണ്ടാക്കിക്കൊണ്ട് സാധനവില വാണംപോലെ വർദ്ധിപ്പിക്കുന്ന ഏർപ്പാട് പിടിച്ചുനിർത്താൻ നിങ്ങൾക്ക് കഴിയുമോ? അതിന് കഴിയുമെങ്കിൽ ശംബളം വർദ്ധിപ്പിച്ചുകൊടുക്കേണ്ട. സാധനവില നിയന്ത്രിച്ചുനിർത്താൻ കഴിയാത്ത ഒരു ഗവൺമെന്റിന് ഇവിടത്തെ സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ശംബളം കൂട്ടിക്കൊടുക്കാൻ കഴിയുന്നില്ല എന്നു പറയാൻ ധാർമ്മികമായ അവകാശമില്ല. കുട്ട്യാലി സാഹിബ്ബ് ഇവിടെ നികുതി പിരിക്കുന്നതിനെപ്പറ്റി പറഞ്ഞു. നികുതി പരിക്കുന്നതിന് ഞങ്ങളാരും എതിരല്ല. പക്ഷെ നികുതി പിരിക്കുന്നത് നാട്ടിലെ സമ്പന്നവിഭാഗത്തിൽ നിന്നായിരിക്കണം. സാധാരണക്കാരെ ഒഴിവാക്കിക്കൊണ്ട് ധനിക വിഭാഗത്തിൽ നിന്ന് നമ്മുടെ വികസനപ്രവർത്തനങ്ങൾക്കാവശ്യമായ ധനസംഭരണം നടത്തണം. ഈ

LIBRARY ARCHIVES Kerala Legislative Assembly

ധനവിനിയോഗ ബില്ലിനെ ഞങ്ങൾ എതിർക്കുന്നത് ഈ ധനം വിനിയോഗിക്കാൻ അനുവദിച്ചാൽ ഈ ധനം മുഴുവൻ സർക്കാർ ധൂർത്തടിക്കും. ഈ ധനം മുഴുവൻ ഇവർ പക്ഷപാതപരമായി സ്വന്തം പാർട്ടി അനുയായികൾക്കുവേണ്ടി ചെലവഴിക്കും എന്നുള്ളതുകൊണ്ട് ഞാൻ ഈ ബില്ലിനെ എതിർക്കുന്നു. ഇവിടെ പി. എ. സി. യുടെ റിപ്പോർട്ട് ഞങ്ങളുടെ മുമ്പിലുണ്ട്. മുഴുവൻ വായിച്ച് നോക്കാൻ ഞങ്ങൾക്ക് കഴിഞ്ഞില്ല. ഇവിടെ കല്ലട ഡാമിന്റെ പണിയിൽ ഏർപ്പെട്ടിരിക്കുന്ന കരാറുകാരന് അയാളുടെ പക്കൽ 1500 ചാക്ക് സിമന്റ് സ്റ്റോക്കിരുന്ന അവസരത്തിൽ 5-5-1982 മുതൽ 12-82 വരെയുള്ള പീരീഡിൽ ആയിരക്കണക്കിനു ചാക്ക് സിമന്റ് വീണ്ടും അയാൾക്ക് അപഹരിക്കാൻ മാത്രം അവസരം നൽകിക്കൊണ്ട് നൽകുകയുണ്ടായിട്ടുണ്ട് എന്ന് ഇവിടെ ചൂണ്ടിക്കാണിച്ചു. ഈ രീതിയിൽ കരാറുകാരെ മാത്രം സഹായിക്കുന്ന പ്രവർത്തനങ്ങളാണിവിടെ നടക്കുന്നത്. കട്ടപ്പന കോളേജിന്റെ കാര്യത്തിൽ സ്പോൺസറിംഗ് കമ്മിറ്റിക്ക് 6 ലക്ഷം രൂപ കൊടുത്തത് ഇതിനൊരുദാഹരണമാണ്. നെടുമങ്ങാട്, ചവറ കോളേജുകളുടെ നിലനിൽപ്പുതന്നെ ത്രാസിൽ തൂങ്ങുകയാണ്. പക്ഷപാതപരമായി അനുകൂലികളെ മാത്രം സഹായിക്കുന്ന ഈ അവസരത്തിൽ ധനം ധൂർത്തടിക്കുമെന്ന് ഞങ്ങൾ കരുതുന്നു. ഇവിടെ കല്ലട ഡാമിൽ സിമന്റ് ഉപയോഗിച്ചതിനെപ്പറ്റി സി. ടി. ഇ. യുടെ റിപ്പോർട്ട് പരിഗണിച്ചില്ല എന്നു പറയുന്നു. ബഹുമാനപ്പെട്ട പി.എച്ച്.ഇ.ഡി. മന്ത്രി കേൾക്കുന്നതിന് കൂടിയാണ് ഇത് പറയുന്നത്. നമുക്ക് വാട്ടർ സപ്ലൈ നൽകുന്നതിനുള്ള പണികൾ മുഴുവൻ സ്തംഭനത്തിലാണ്. അവിടെ സിമന്റു ആവശ്യത്തിനില്ല. അതേ അവസരത്തിൽ കള്ളൻമാരായ കരാറുകാർക്ക് മറുകച്ചവടം നടത്തുന്നതിന് ആയിരക്കണക്കിന് ചാക്ക് കൊടുക്കുന്നു. ഇവിടെ പൊതുജനങ്ങൾക്ക് ശുദ്ധജലം എത്തിക്കുന്നതിനുള്ള പദ്ധതികൾ സിമന്റിന്റെ അഭാവംകൊണ്ട്, സാമ്പത്തിക കുഴപ്പംകൊണ്ട് സ്തംഭിച്ച് കിടക്കുന്ന അവസ്ഥ ഒഴിവാക്കാൻ സാധിക്കാത്ത ഒരു ഗവൺമെന്റാണിത്. ഈ ഗവൺമെന്റിന്റെ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. എം പി. എം.. ഇസ്ഹാക്ക് കുരിക്കൾ</u> : സർ, ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി അവതരിപ്പിച്ചിരിക്കുന്ന ധനവിനിയോഗ ബില്ലിനെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റേയും ജനങ്ങളുടേയും നാനോൻമുഖമായ വികസനത്തിനുവേണ്ടി സമഗ്രമായ പദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ട് അതിന് വിനിയോഗിക്കാൻ വേണ്ടി അദ്ദേഹം സമർപ്പിച്ചിട്ടുള്ള ഈ ധനവിനിയോഗ ബില്ലിനെ എത്രയും വേഗം പാസ്സാക്കിക്കൊടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ ധനവിനിയോഗ ബില്ലിനെക്കുറിച്ച് സംസാരിക്കുമ്പോൾ ഇന്ത്യൻ രാഷ്ട്രീയത്തിലെ ഗതികിട്ടാത്ത പ്രേതംപോലെ അലയുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഇന്ന് ഈ നിയമസഭയിൽ ഈ സർക്കാരിന്റെ പ്രവർത്തനങ്ങളെ എതിർക്കുവാനോ ക്രിയാത്മകമായ നിർദ്ദേശങ്ങളോ വിമർശനങ്ങളോ വയ്ക്കുവാനോ സാദ്ധ്യമല്ലാത്തതിന്റെ പേരിൽ ശരിയത്തുമായി അവർ ഓടി നടക്കുകയാണ്. എനിക്ക് ഒരു കാര്യമേ ശ്രീ. എം. വി. രാഘവനോടും അദ്ദേഹത്തിന്റെ സഹൃത്തുക്കളോടും അഭ്യർത്ഥിക്കുവാനുള്ളൂ. വർഷങ്ങൾക്ക് മുമ്പ് നിങ്ങൾ പറഞ്ഞു ഞങ്ങൾ ശരിയത്ത് നിയമങ്ങളെ എതിർക്കുമെന്ന്. ശരിയത്ത് നിയമങ്ങൾ മാറ്റങ്ങൾക്ക് വിധേയമാക്കണമെന്ന് നിങ്ങൾ ആവശ്യപ്പെട്ടു. ചിന്താവാരികയിൽ സഖാവ് നമ്പൂതിരിപ്പാട് എഴുതിയ ലേഖനങ്ങൾ ഞാൻ കൊണ്ട് കാണിക്കാം. ദേശാഭിമാനിയിൽ മാസങ്ങളോളം സഖാക്കൾ എഴുതിയ ലേഖനങ്ങൾ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ധരിക്കാം. ഇന്നലെ ശ്രീ. എം. വി. രാഘവൻ പറഞ്ഞു, ഞങ്ങൾ ശരിയത്തിനെ എതിർത്തിട്ടില്ലായെന്ന്. അതിലെ അനാചാരങ്ങളെ മാത്രമേ ഞങ്ങൾ എതിർത്തിട്ടുള്ളൂ വെന്ന്. കാലം മുന്നോട്ടുപോകുകയാണെങ്കിൽ കമ്മ്യൂണിസമല്ല ശരിയത്താണ് പ്രായോഗികമെന്ന് ശ്രീ. എം. വി. രാഘവന് പറയേണ്ടി വരും. എന്താണ് ശരിയത്ത്. മുസ്ലീം ലീഗിനെ സംബന്ധിച്ചിടത്തോളം ശ്രീ. എം. വി. രാഘവൻ ഇന്നലെ ചോദിച്ചു ക്രിമിനൽ നിയമങ്ങൾ ശരിയത്ത് നിയമത്തിൽ കൊണ്ടുവരാൻ തയ്യാറുണ്ടോയെന്ന്. ഞങ്ങൾ തയ്യാറാണ്. പക്ഷെ നിങ്ങളുടെ പിന്നിലുള്ള ഹംസമുസ്സലിയാരും, മുസ്സാൻകുട്ടി മൗലാനയും മുസ്സക്കുട്ടി മൗലവിയും തയ്യാറുണ്ടോയെന്നു മാത്രമേ എനിക്ക് ചോദിക്കാനുള്ളൂ. എന്തെല്ലാമാണ് കമ്മ്യൂണിസ്റ്റ് പാർട്ടികൾ ഈ രാജ്യത്ത് പറഞ്ഞു കേൾപ്പിക്കുന്നത്. ഇന്ത്യയുടെ സ്വാതന്ത്ര്യം പോലും റഷ്യാക്കാരാണ് നേടിത്തന്നത് എന്നുപറയുന്ന തരംതാണ പ്രവർത്തനങ്ങളാണ് ഇന്നിവിടെ നടന്നുക്കൊണ്ടിരിക്കുന്നത്. സഖാവ് നമ്പൂതിരിപ്പാട് രണ്ടാം ലോക മഹായുദ്ധത്തിന്റെ 40-ാം വാർഷികത്തിൽ പ്രസംഗിച്ചു. ക്വിറ്റിന്ത്യാ സമരത്തിലൂടെയല്ല, സാമ്രാജ്യത്വ ശക്തികൾക്കെതിരെ റഷ്യ നേടിയ സ്വാധീനമാണ് ഇന്ത്യക്ക് സ്വാതന്ത്ര്യം നേടിത്തന്നത് എന്നണ് പറഞ്ഞത്. വിഡ്ഢികളോടു ഞങ്ങൾക്ക് ഒന്നും പറയാനില്ല. ഈ രാജ്യത്തിന്റ സ്വാതന്ത്ര്യത്തിനുവേണ്ടി രാഷ്ട്രപിതാവ് മഹാത്മാഗാന്ധി നേടിയ സ്വാതന്ത്ര്യം റഷ്യക്കുവേണ്ടി വിൽക്കുന്ന കമ്മ്യൂണിസ്റ്റുകളായ ഇവർക്ക് ഈ രാജ്യത്ത് ജീവിക്കാൻ അർഹതയില്ലായെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

'ഭാരതമെന്ന് കേട്ടാൽ അഭിമാനപുളകിതമാകണം അന്തരംഗം'; എന്നാണ് ഞങ്ങൾ പഠിച്ചിട്ടുള്ളത്. 'കേരളമെന്ന് കേട്ടാൽ തിളക്കണം ചോര നമുക്കു ഞരമ്പുകളിൽ' എന്നാണ് ഞങ്ങൾ പറഞ്ഞിട്ടുള്ളത്. പക്ഷെ സഖാക്കൾ പറയുന്നു, റഷ്യയെന്ന് കേട്ടാലഭിമാനപൂരിതമാകണമന്തരംഗം കമ്മ്യൂണിസമെന്നു കേട്ടാൽ തിളക്കണം രക്തം നമുക്ക് ഞരമ്പുകളിൽ എന്ന് പറഞ്ഞ ആ ചുവപ്പൻ സമ്പ്രദായം ഇവിടെ നടക്കുകയില്ല. ഈ മണ്ണ് ചുവക്കണമെന്നും ഈ ചുവന്ന മണ്ണിൽ പൂക്കൾ വിടരണമെന്നും പറയുന്ന കമ്മ്യൂണിസ്റ്റ് നേതാക്കളോട് ഞങ്ങൾക്ക് പറയാനുള്ളത് ഇന്ത്യ എന്ന പൂങ്കാവനത്തിൽ വിടർന്ന് നിൽക്കുന്ന പുഷ്പങ്ങളാണ് ഇവിടത്തെ ഹിന്ദുവും മുസൽമാനും ക്രിസ്ത്യാനിയും. അവർ തോളോടുതോൾ ചേർന്നുകൊണ്ട് ഇന്ത്യ എന്ന സുന്ദരമായ പൂങ്കാവനം കെട്ടിപ്പടുക്കാനാണ് ഞാൻ പ്രധിനിധീകരിക്കുന്ന ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് പ്രവർത്തിക്കുന്നത് എന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലുകളെ അനുകൂലിക്കുന്നു.

<u>ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ</u> : സർ, ഇവിടെ ധനകാര്യമന്ത്രി അവതരിപ്പിക്കുന്ന ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുന്നു. അദ്ദേഹം വളരെ വലിയ ധൈര്യമുള്ളയാളാണ്. അദ്ദേഹം കഴിവുള്ളവനാണ്. അദ്ദേഹം പറഞ്ഞത് 7-ാം പദ്ധതി ഫലപ്രദമായി ഇവിടെ നടക്കുമെന്നാണ്. അതിനെനിക്ക് ധൈര്യമുണ്ട് എന്ന്. ധൈര്യം കൊണ്ട് വല്ല തല്ല് പിടിക്കും പോകാൻ പറ്റും എന്നല്ലാതെ ധൈര്യം കൊണ്ട് സമ്പത്തുണ്ടാകുമോ? ധൈര്യംകൊണ്ട് നമ്മുടെ രാജ്യത്ത് പദ്ധതി പ്രവർത്തനം നടക്കുമോ? 7-ാം പദ്ധതി തുടങ്ങിയിട്ട് നാലുമാസമായി. ഇപ്പോൾ ഏതെങ്കിലും പദ്ധതി നടക്കുന്നുണ്ടോ? സെപ്റ്റംബറിൽ കമ്മിറ്റി കൂടുമ്പോൾ കിട്ടുമെന്ന് പറയുന്നു. കിട്ടിയാൽ എത്ര കിട്ടും.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ കിട്ടിയാൽ അതുകൊണ്ട് ഈ രാജ്യത്തെ പദ്ധതി പ്രവർത്തനങ്ങൾ നടത്താൻ കഴിയുമോ? .ഇതു ചോദിക്കുമ്പോൾ എന്താണ് നമ്മുടെ ധനകാര്യമന്ത്രി പറയുന്നത് എന്റെ കൈയ്യിൽ കമ്പ്യൂട്ടറൈസേഷനുണ്ട് ഞാനതുകൊണ്ട് കാൽക്കുലേറ്റ് ചെയ്യും എന്നാണ്. കാൽക്കുലേറ്റ് ചെയ്തുാൽ പണം കിട്ടുമോ? കാൽക്കുലേറ്റ ചെയ്ത് കിട്ടുന്ന പണം കൊണ്ട് ഈ രാജ്യത്തെ പദ്ധതി നടക്കുമെന്ന് ഇവിടത്തെ ധനകാര്യ മന്ത്രി പറയുന്നു. അദ്ദേഹത്തിന് ആടിനെ പട്ടിയാക്കാൻ വളരെ സാമർത്ഥ്യമുണ്ട്. അതിൽ അദ്ദേഹം കഴിവുള്ളയാളാണ് അതിലെനിക്ക് അഭിപ്രായ വ്യത്യാസമില്ല. പക്ഷേ കേരളത്തിൽ 7-ാം പദ്ധതി നടക്കുന്നതിന് ആവശ്യമായ പണം എവിടെനിന്നും കിട്ടും. പണം കിട്ടിയില്ലെങ്കിൽ നമ്മുടെ സംസ്ഥാനത്തിലെ പദ്ധതികൾ എങ്ങിനെ നടക്കും എന്നതിനെ സംബന്ധിച്ച് ഈ ഗവണ്മെന്റിന് ഇവിടത്തെ ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ കഴിയുമോ? വളരെ യോജിച്ച് പോകുന്ന ഒരു ഗവൺമെന്റാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണിയെപ്പോലെ കുഴപ്പങ്ങൾ ഇല്ലാതെ വളരെ ഭദ്രമായി പോകുന്ന ഒരു ഗവൺമെന്റാണ്. പക്ഷേ ആ ഗവൺമെന്റിന്റെ ഭദ്രം എങ്ങിനെയാണെന്ന് പറഞ്ഞാൽ പണ്ടൊരു ഭാര്യയും ഭർത്താവും തമ്മിൽ തെറ്റി. ഭാര്യയായ ഗോമതി അമ്മ പറഞ്ഞു ഞാനെന്റെ വീട്ടിൽ പോകുകയാണെന്ന് പറഞ്ഞ് ഭാണ്ഡവുമായി പുറപ്പെട്ടു. പിന്നാലെ കണാരൻ നായരും പോയി. ബസ്സ്റ്റാന്റിൽ എത്തിയതിനുശേഷം ഗോമതി അമ്മ ബസ് വരാത്തതുകൊണ്ട് കാത്തു നിൽക്കുകയാണ്. അപ്പോൾ കണാരൻ നായർ ചെന്ന് ചോദിച്ചു. 'ഗോമതി നിനക്കൊരു ഭർത്താവു വേണ്ടേ? അല്ലാ നിങ്ങൾക്കൊരു ഭാര്യ വേണ്ടേ? 'എനിക്കൊരു ഭാര്യ വേണ്ടതുകൊണ്ടാണെല്ലോ ഞാൻ പിന്നാലെ വന്നത് . 'എനിക്കൊരു ഭർത്താവ് വേണ്ടതുകൊണ്ടാണല്ലോ ഞാൻ ഇവിടെ കാത്തുനിന്നത് എന്നു പറഞ്ഞ് രണ്ടുപേരും വീട്ടിലേക്ക് തിരിച്ചതുപോലെ നമ്മുടെ മുഖ്യമന്ത്രി ശ്രീ. കരുണാകരനും ധനകാര്യമന്ത്രി ശ്രീ. കെ. എം. മാണിയും കൂടി ഒരു ദിവസം സമരം തുടങ്ങി. എന്താണ് സമരം? 'ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കുത്തരവാദി ശ്രീ. കെ. എം. മാണി ആണെന്ന് ശ്രീ. പത്മരാജനും, 'ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക ബാദ്ധ്യതയ്ക്കുത്തരവാദി കേന്ദ്രം എന്ന് ശ്രീ. കെ. എം. മാണിയും വാദിച്ചു. അങ്ങനെ രണ്ടുകൂട്ടരും കൂടി ശകാരിച്ച് ശകാരിച്ച് പോകുമ്പോൾ ഒരു ദിവസം കരുണാകരനും മാണിയും കൂടി ഒത്തുകൂടി. ശ്രീ. കരുണാകരൻ ചോദിച്ചു. 'മാണി നിങ്ങൾക്ക് ധനകാര്യമന്ത്രിയാവണ്ടേ' എന്ന്. ശ്രീ. കെ. എം. മാണി തിരിച്ചു ചോദിച്ചു 'കരുണാകരാ നിങ്ങൾക്ക് മുഖ്യമന്ത്രിയാവണ്ടേ'. അങ്ങനെ പറ്റിപ്പിടിച്ചിരിക്കുന്ന ഒരു മുന്നണിയാണിത്. അതിൽകവിഞ്ഞ് എന്ത് യോഗ്യതയാണിവർക്കുള്ളത്. എന്ത് ഐക്യമാണ് ഇവർക്കുള്ളത്.

ഇവിടെ മന്ത്രിമാരെല്ലാം കഴിവുള്ളവരാണ്. ഭക്ഷ്യകാര്യമന്ത്രി ശ്രീ. ബീരാൻ സാഹിബിന് ദേശാഭിമാനിയോട് വിരോധമാണ്. എന്നാൽ മനോരമ പത്രത്തിൽ വന്ന ഒരു വാർത്തയാണ്. കേന്ദ്രം 3285 ടൺ പഞ്ചസാര കേരളത്തിൽ കൊടുത്തതിൽ 30 ടൺ മാത്രമേ എടുത്തിട്ടുള്ളൂവെന്ന്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) : സർ, ഞാൻ പറഞ്ഞു 3335 ടൺ ജൂലൈ മാസത്തിൽ ഏറ്റെടുത്തിട്ടുണ്ടെന്ന്. ഒരു തരി പഞ്ചസാര ഏറ്റെടുക്കാതിരുന്നിട്ടില്ല. എവിടെനിന്നും റിപ്പോർട്ട് കിട്ടി, അങ്ങ് പറഞ്ഞുവെന്ന് എനിക്കറിയില്ല, പാർലമെന്റിൽ ആരെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അതും ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ : സർ, ഇവിടെ ഒരു മന്ത്രി ഒരു കാര്യം പറയുന്നു. അതിനെക്കുറിച്ച് പരാമർശിക്കുമ്പോൾ "ആരെങ്കിലും പറഞ്ഞാൽ" എന്ന് ഞാൻ പറയുകയാണെങ്കിൽ എന്തായിരിക്കും അതിന്റെ അർത്ഥം. ഒരു കേന്ദ്രമന്ത്രി പറഞ്ഞതാണ്. ഇവിടെയിരുന്ന് ഒരു മന്ത്രി പറയുന്നു 'ആര് പറഞ്ഞുവെന്ന്'. 'എനിക്കറിയില്ലാ' എന്ന്. ഈ രാജ്യത്തിലെ പ്രചുരപ്രചാരമുള്ള എല്ലാ പത്രങ്ങളും റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആരെങ്കിലും ആണോ 'കേന്ദ്രമന്ത്രി'. അതിനെക്കുറിച്ച് നമ്മുടെ മുഖ്യമന്ത്രി എന്ത് പറയുന്നു. ലോകസഭയിലെ ക്ഷേമകാര്യമന്ത്രി പറഞ്ഞത് നിങ്ങളെ സഹായിക്കുന്ന പത്രം 'മനോരമ' റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ദേശാഭിമാനി അല്ല. നിങ്ങളെ നിലനിർത്താൻ വേണ്ടി പരിശ്രമിക്കുന്ന പത്രമാണ് പറയുന്നത്. "4.40-ന് വീണ്ടും പഞ്ചസാര കൊടുക്കുവാൻ തയ്യാർ, കേരളം പോലുള്ള സംസ്ഥാനങ്ങൾ വാങ്ങിക്കുമോ എന്നെനിക്ക് അറിയില്ല" പത്രം റിപ്പോർട്ട് ചെയ്തതാണ്. ഇന്ന് മാർക്കറ്റ് വില 7.70 രൂപ ആണ്. 73,788 ടൺ ധാന്യം എൻ. ആർ. ഇ. പി. പ്രവർത്തനത്തിന് വേണ്ടി കേന്ദ്രം അനുവദിച്ചു. അതിൽ 31,325 ടൺ എടുത്തു. അത് മാർക്സിസ്റ്റുകാരന്റെ കുഴപ്പം കൊണ്ടാണോ? അരിക്കത്തിനെക്കുറിച്ച് പറഞ്ഞതുകൊണ്ടാണോ? ഈ ഗവൺമെന്റ് പറഞ്ഞു നാളികേരത്തിന് രണ്ടായിരം രൂപയിൽ കുറയില്ലായെന്ന്. ശ്രീ. തച്ചടി പ്രഭാകരൻ പറഞ്ഞു, ഞങ്ങൾ കിന്റലിന് 1200 രൂപ വച്ച് നാളികേരമെടുക്കാൻ പോകുന്നുവെന്ന്. മാർക്കറ്റ് വിലയേക്കാൾ പത്തു രൂപ കൂടുതൽ വച്ച് എടുക്കുമെന്ന് ആയിരുന്നു പ്രസ്താവന. എന്നിട്ട് മാർക്കറ്റിംഗ് ഫെഡറേഷനെ ആണ് ഏൽപ്പിച്ചത്. ആ മാർക്കറ്റിംഗ് ഫെഡറേഷൻ, സോവിയറ്റു റഷ്യയുമായി കുരുമുളകിടപാടിൽ അങ്ങേയറ്റത്തെ അഴിമതി നടത്തിയതിനെക്കുറിച്ച് അന്വേഷിക്കണമെന്ന് വാർത്ത വന്നിരിക്കുന്നു. ആര്യാടന്റെ കറക്കുകമ്പിനിയായ മാർക്കറ്റിംഗ് ഫെഡറേഷൻ നടത്തിയ കള്ള വ്യാപാരത്തിന്റെ പേരിൽ അന്വേഷണം നടത്തണമെന്ന് പത്രത്തിൽ വാർത്ത വന്നിരിക്കുന്നു. ഇവിടെ 1200 രൂപയ്ക്ക് നാളികേരം എടുക്കുമെന്ന് നാട്ടിലെ കൃഷിക്കാരോടും ജനങ്ങളോടും പറഞ്ഞിരിക്കുന്നു. മാർക്കറ്റ് വിലയേക്കാൾ പത്തു രൂപ കൂടുതലായി എടുക്കുമെന്ന് പറഞ്ഞ് കൃഷിക്കാരെ വഞ്ചിക്കുന്ന ചില കറക്കുകമ്പനികളും അതിലെ കൂട്ടാളികളും കൂടി ചേർന്ന് ഈ സംസ്ഥാനത്തെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. ശ്രീ. കുട്ട്യാലി ചോദിച്ചു ഇതിനൊക്കെ എവിടെനിന്നാണ് പണമെന്ന്. ഇവിടെ ജീവിത സൗകര്യങ്ങൾക്കുവേണ്ടി സമരം ചെയ്യുന്ന ജീവനക്കാരോട് കുരയ്ക്കുന്ന കോൺഗ്രസ്കാരോട് ചോദിക്കുകയാണ്, രാജീവ്ഗാന്ധിയുടെ ഗവൺമെന്റ് ഇരുപതുകോടി രൂപയ്ക്കുമേൽ നൂറുകോടി രൂപവരെയുള്ളവർക്ക് ആദായമുണ്ടാക്കിക്കൊടുക്കാൻവേണ്ടി എന്തിന് പരിശ്രമിച്ചു?

ശ്രീ. മണിമംഗലത്ത് കുട്ട്യാലി : നികുതിയെക്കുറിച്ചല്ലേ പറഞ്ഞത്? സ്വകാര്യ മുതലാളിമാർ ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് നികുതി കൂട്ടിയതുകൊണ്ടല്ലേ ഇപ്പോൾ ദേഷ്യം പിടിക്കുന്നത്?

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ : ഞാൻ ചോദിക്കുന്നത്, ജീവനക്കാരെ ബാധിക്കുന്ന നികുതി ഇല്ലാതാക്കാൻ മാർഗ്ഗമുണ്ടോയെന്നാണ്? ഇന്ത്യയിൽ ഈ കാലമത്രയും ഇരുപതുകോടി രൂപയ്ക്ക്മേൽ ഉള്ളവൻ രാജ്യത്തിന്റെ വികസനത്തിന് കൂടുതൽ സമ്പത്ത് നൽകണമെന്നുള്ളത് മാറ്റി നൂറു കോടി രൂപവരെയുള്ളവനെ സംരക്ഷിക്കുന്ന

തിനുവേണ്ടി നിയമം കൊണ്ടുവന്നത് ഈ രാജ്യത്തെ പാവപ്പെട്ടവനെ രക്ഷിക്കാൻ വേണ്ടിയാണോ? അതോ ഈ രാജ്യത്തെ പണക്കാരെ രക്ഷിക്കാൻവേണ്ടിയാണോ? ആ നടപടി സ്വീകരിച്ച കേന്ദ്രഗവൺമെന്റിന്റെ രാഷ്ട്രീയ പാർട്ടിയുടെ അനുയായി ഞങ്ങളോട് ചോദിക്കുകയാണ് പാവപ്പെട്ടവൻ എവിടെനിന്ന് പണമുണ്ടാക്കുമെന്ന്? ഞങ്ങൾക്ക് വ്യക്തമായ ധാരണയുണ്ട്. കേന്ദ്രവും സംസ്ഥാനവും പൊളിഞ്ഞിരിക്കുന്നു. ഇന്ത്യാരാജ്യം പൊളിഞ്ഞിരിക്കുന്നു. മുപ്പത്തിയെട്ടു കൊല്ലക്കാലംകൊണ്ട് ഇന്ത്യാ രാജ്യത്തിന്റെ സമ്പദ്ഘടനയെ തകർത്ത ആളുകളാണ് അപ്പുറത്തിരിക്കുന്നത്. ഞങ്ങളോട് ദേഷ്യം തോന്നിയിട്ട് കാര്യമില്ല. മുപ്പത്തിയെട്ട് കൊല്ലംകൊണ്ട് ഈ രാജ്യത്തെ പട്ടിണിയിലേക്കും പരാധീനതയിലേക്കും തള്ളിവിട്ട്.....

<u>ശ്രീ. കെ. എം. മാണി</u> : അതിന്റെ കൂട്ടത്തിൽ ബംഗാളും പൊളിഞ്ഞിട്ടുണ്ടോ?

<u>ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ</u> : ഞങ്ങൾക്ക് വിവരക്കേടില്ല. ഇന്ത്യ മഹാരാജ്യത്തിന്റെ സാമ്പത്തിക നയത്തിലും നികുതി നയത്തിലും വ്യാവസായിക നയത്തിലും കാർഷിക നയത്തിലും ഇന്നത്തെ ഭരണാധികാരി വർഗ്ഗം കൈക്കൊള്ളുന്ന നയം ഉള്ളിടത്തോളംകാലം എവിടെയും രക്ഷപ്പെടാൻ പോകുന്നില്ല. ഇവിടെ സ്വർഗ്ഗം സൃഷ്ടിക്കുമെന്നുള്ള വിഡ്ഢിത്തം നിങ്ങൾക്കാണുള്ളത്. ഇവിടെ അദ്ധ്വാനവർഗ്ഗത്തെ രക്ഷിക്കുമെന്നുള്ള വിഡ്ഢിത്തം നിങ്ങൾക്കാണുള്ളത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ് (ഐ) എന്ന രാഷ്ട്രീയ പാർട്ടിയുടെ, കേന്ദ്രഗവൺമെന്റിന്റെ നയസമീപനങ്ങൾക്ക് മാറ്റമില്ലാത്തിടത്തോളം കാലം ഈ രാജ്യത്തിന് രക്ഷയില്ലന്നുതന്നെയാണ് ഞൻ പറയുന്നത്. അതിനോടൊപ്പം നിങ്ങളുടെ കള്ളവും ചതിവും. ഈ ഭരണപക്ഷത്തെ പിൻതാങ്ങുന്ന 'മാതൃഭൂമിയിൽ' ഇന്നും മുഖപ്രസംഗം എഴുതിയിരിക്കുന്നു, ബഹുമാനപ്പെട്ട ശ്രീനിവാസൻ പറഞ്ഞിട്ടോ, ബഹുമാനപ്പെട്ട ഗംഗാധരൻ പറഞ്ഞിട്ടോ ജനങ്ങൾക്ക് സത്യം ബോദ്ധ്യപ്പെട്ടില്ല. നാടാകെ പറയുന്നു, എന്തോ നടന്നിരിക്കുന്നുവെന്ന്. നിങ്ങൾ നീതിമാൻമാരാണെങ്കിൽ സത്യസന്ധൻമാരാണെങ്കിൽ, നിങ്ങളുടെ കൈകൾ ശുദ്ധമാണെങ്കിൽ നിങ്ങൾ ഈ രാജ്യത്ത് ഒരന്വേഷണത്തിന് വിധേയമാകണം എന്ന ആവശ്യമുന്നയിച്ചുകൊണ്ട് ഞാനീ ബില്ലിനെ എതിർക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി</u>) : സർ, ഞങ്ങളുടെ കൈകളുടെ ശുദ്ധിയെക്കുറിച്ച് ആർക്കും സംശയമൊന്നുമില്ല. പ്രതിപക്ഷം എന്തെങ്കിലും പറയുന്നത് സത്യമാണോ? ഈ രാജ്യത്തെ ജനങ്ങൾ അത് വിശ്വസിക്കുന്നുണ്ടോ? ഈ രാജ്യത്തെ ജനങ്ങൾക്ക് തെറ്റിദ്ധാരണ വേണ്ട. ജനങ്ങൾ ഈ ഗവൺമെന്റിനെ വിലയിരുത്തിയിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ ജനോപകാരപ്രദങ്ങളായ പ്രവർത്തനങ്ങളിൽ, പരിപാടികളിൽ അവർക്ക് വിശ്വാസമുണ്ട്. അതനുസരിച്ച് അവർ ഈ ഗവൺമെന്റിന് പിൻതുണയും നൽകുന്നുണ്ട്. അതുകൊണ്ട് ഞങ്ങളെ സംബന്ധിച്ചിടത്തോളം ആ വിഷയത്തിൽ ഞങ്ങൾക്ക് യാതൊരു കുറ്റബോധവുമില്ല. വളരെ അഭിമാനകരമായ നേട്ടങ്ങൾ വരുത്തിയിട്ടുണ്ട്. ആ നേട്ടങ്ങളുമായി ഞങ്ങൾ മുന്നോട്ടുപോവുകയാണ്. അതിനുവേണ്ടി ഈ ഉപധനാഭ്യർത്ഥനയുടെ ചെലവുകളെ സംബന്ധിച്ച് ഞങ്ങൾ ടെസ്റ്റ് ചെയ്യാം. ചെലവ് ചെയ്യുന്ന ഓരോ പൈസയ്ക്കും ഞങ്ങൾക്ക് ഉത്തരവാദിത്വം ഉണ്ട്. ധനകാര്യമന്ത്രിയെന്നുള്ള നിലയിൽ ഞാനൊരു ട്രസ്റ്റിയാണ്. ഗവൺമെന്റും ഒരു ട്രസ്റ്റിയാണ്. നികുതി പിരിച്ചെടുക്കുന്ന പണം വിനിയോഗിക്കുമ്പോൾ തീർച്ചയായും ഗവൺമെന്റിന് അതിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവാദിത്വമുണ്ട്. ആ ചിന്തയോടുകൂടി മാത്രമേ ഞങ്ങൾ ചെയ്യുകയുള്ളൂ. അതനുസരിച്ചേ ചെയ്തിട്ടുള്ളൂ. അതിലെന്തെങ്കിലും പിശകുണ്ടെങ്കിൽ കൃത്യമായി ചൂണ്ടിക്കാണിക്കണം . അത് ചൂണ്ടിക്കാണിക്കാതെ പൊതുവെ വിമർശിച്ചിട്ട് കാര്യമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും തമ്മിലൊരു പോരാട്ടമാണെന്ന് ബഹുമാനപ്പെട്ട കുഞ്ഞിക്കണ്ണൻ അവസാനം പ്രസംഗിക്കുകയുണ്ടായി. രണ്ടുപേരെയും സൗകര്യത്തിനു വേണ്ടി നിറുത്തിയിരിക്കുകയാണെന്ന്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ആ പോരാട്ടത്തെക്കുറിച്ച് ഒന്നും പഠിപ്പിക്കേണ്ട. ആ ചക്രത്തിൽ പോരാട്ടം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയും സി. പി. ഐ. യും തമ്മിലാണ്. നിങ്ങൾ തമ്മിലാണ് പോരാട്ടമെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. എന്റെ പാർട്ടിക്കും മുഖ്യമന്ത്രിയുടെ പാർട്ടിക്കും അഭിപ്രായവ്യത്യാസങ്ങൾ കാണാം.

<u>ശ്രീ. എം പി. എം. ഇസ്ഹാക്ക് കുരിക്കൾ</u> : ബഹുമാനപ്പെട്ട ശങ്കരൻ നമ്പൂതിരിപ്പാട് ഇക്കഴിഞ്ഞ ജൂലൈ ഒന്നാം തീയതി സി.പി.ഐ. ക്കാർ കോൺഗ്രസ്സിനെ ഇന്നും ഒറ്റിക്കൊടുക്കുന്നുവെന്ന് പറഞ്ഞത് അങ്ങയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

<u>ശ്രീ. കെ. എം. മാണി</u> : സർ, ഞാൻ അതുംകൂടി വച്ചാണ് പറഞ്ഞത്. അങ്ങനെ ബഹുമാനപ്പെട്ട നമ്പൂതിരിപ്പാട് സി.പി.ഐ. ക്കാരോട് പറഞ്ഞിട്ടും അവർ യാതൊരു നാണവുമില്ലാതെ ശ്രീ. നായനാരുടെ കൂടെ ഇരിക്കുകയും, കൈപൊക്കുകയും, നായനാർ പറയുന്നതനുസരിച്ച് നീങ്ങുകയും ചെയ്യുന്നതു കാണുമ്പോൾ ഞങ്ങൾക്ക് അതൊരു ചക്കളത്തിൽ പോരാട്ടമായി തോന്നുകയാണ്.

<u>ശ്രീ. എം. വി. രാഘവൻ</u> : ഇന്നലെ ഞങ്ങൾ എം.എൽ. എ. ക്വാർട്ടേഴ്സിൽ നടന്ന ഏറിൽ എന്ത് യോജിപ്പാണ് കണ്ടത്. കുപ്പിച്ചില്ലിന്റെ മയമല്ലായിരുന്നോ? പിന്നെയാണ് സി. പി. ഐ. ക്കാരെക്കുറിച്ച് ഇ.എം.എസ്. പറയാതെ പറഞ്ഞുവെന്ന് പറയുന്നത്. ഏത് പത്രത്തിലാണ് പറഞ്ഞതെന്ന് വായിക്കണം. ഏതെങ്കിലും ഒരു സ്റ്റേറ്റുമെന്റ് ക്വാട്ട് ചെയ്യുമ്പോൾ അതിന് ഒരു മര്യാദയും സത്യസന്ധതയുമൊക്കെ കാണിക്കണം. ഉത്തരവാദപ്പെട്ട ഒരു രാഷ്ട്രീയ നേതാവിനെ ക്വാട്ട് ചെയ്യുന്നെങ്കിൽ ആ വാചകം പറയണം, അവരുടെ മനസ്സിൽ തോന്നുന്നത് പറഞ്ഞാൽ പോര..... (ബഹളം).....

<u>ശ്രീ. കെ. എം. മാണി</u> : സർ, ഇത് വളരെ ഗൗരവമായ ഒരു ചർച്ചയാണ്. പിള്ളേരു മണ്ണ് വാരി കളിക്കുന്നപോലെ നമ്മൾ നോക്കിയിട്ടു കാര്യമില്ല. ചില ചാപല്യങ്ങൾ അങ്ങോട്ടുമിങ്ങോട്ടും ചെറുപ്പക്കാർക്കും പിള്ളേർക്കുമൊക്കെയുണ്ടാകും. അതുപോലല്ല ഇവിടത്തെ ചർച്ച.....(ബഹളം).....നമ്മുടെ ബഡ്ജറ്റ് സെഷൻ കഴിയാൻ പോവുകയാണ്. പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം വളരെ ഗൗരവമായ എന്തെങ്കിലും ഒരു വീഴ്ച.....(ബഹളം).....എം. എൽ. എ. ക്വാർട്ടേഴ്സിൽവച്ച് കുറച്ചു വിദ്യാർത്ഥികൾ തമ്മിൽ അങ്ങോട്ടുമിങ്ങോട്ടും ഉന്തും തള്ളും ഉണ്ടായതാണ് ഇവിടത്തെ പ്രധാനപ്പെട്ട വിഷയം. അങ്ങനെ നോക്കിയാൽ അതൊക്കെ സ്വാഭാവികമാണ്. ഇതിനെ സംബന്ധിച്ചിടത്തോളം ഈ സഭയിൽ ഇത് ചർച്ചാവിഷയമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബി ജോൺ : സർ, കേന്ദ്രം തന്നതുകൂടെ കണക്കാക്കിയിട്ടും പൈസ തികയാതെയിരിക്കുകയാണല്ലോ. മുഖ്യമന്ത്രി പോയിട്ട് വന്നതെന്തായി എന്ന് അറിഞ്ഞിട്ട് .....(ബഹളം).....

ശ്രീ. കെ. എം. മാണി : അതുപോലെ ഓരോ നിയമത്തിലും പറയേണ്ട കാര്യമില്ല. നമ്മുടെ കേരള നിയമസഭയെ സംബന്ധിച്ചിടത്തോളം 750 കോടി രൂപയുടെ നാശ നഷ്ടങ്ങളുടെ കണക്ക് കൊടുത്തിട്ടുണ്ട്. കേന്ദ്രത്തിന് അത് ബോധ്യപ്പെട്ടിട്ടുണ്ട്. മുഖ്യ മന്ത്രിയും റവന്യൂ മന്ത്രിയും എല്ലാം ഒരുമിച്ചും കൂട്ടായും ഒറ്റയ്ക്കും കേരളത്തിന്റെ ചിത്രം ശരിയായി ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. അതിന് കേന്ദ്രം മതിയായ നിലയിൽ കേരളത്തെ മനസ്സിലാക്കിക്കൊണ്ട് മതിയായ നഷ്ടപരിഹാരം അല്ലെങ്കിൽ ദുരിതാശ്വാസം തരുമെന്ന് ഞങ്ങൾ പ്രത്യാശിക്കുകയാണ്. ഇന്നോ നാളയോ ഹൈലവൽ കമ്മിറ്റിയുടെ റിപ്പോർട്ട് ധനകാര്യ വകുപ്പിന് കൊടുക്കും. ധനകാര്യ വകുപ്പ് അതിൻമേൽ ഒരു തീരുമാനമെടുക്കും. ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെതന്നെ മുഖ്യ മന്ത്രി കണ്ടിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രധാനമന്ത്രിതന്നെ കേരളത്തിന്റെ പ്രശ്നങ്ങളെ സംബന്ധിച്ച് വളരെ അനുഭാവപൂർവ്വം നോക്കുകയാണ്.

ശ്രീ. ബേബി ജോൺ : 15 കോടി രൂപ ഇവിടെ തന്നിരിക്കുന്നു, തരാൻ സമ്മതിച്ചിരിക്കുന്നുയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതാണ്, പത്രത്തിൽ വന്നു. അതറിയൻ ആഗ്രഹമുണ്ട്.

ശ്രീ. കെ. എം. മാണി : അത് അഡ്വാൻസ് ആണ്.

ശ്രീ. എം. വി. രാഘവൻ : ഈ സ്ഥിതി വല്ലതും ധനകാര്യ മന്ത്രിക്കറിയാമെങ്കിൽ പറയാൻവേണ്ടി പറഞ്ഞതാണ്.

ശ്രീ. കെ. എം. മാണി : അത് പറയാൻ പോകുന്നു. വരാൻ പോകുന്ന കാര്യങ്ങളെ സംബന്ധിച്ച് ഇന്നേ കേറി ഇത്ര കോടി കിട്ടുമെന്ന് പറയാൻ ഞങ്ങളെന്താ വിഡ്ഢികളാണോ? ഇന്നേ പറയാൻ കഴിയുകയില്ല. കാര്യമായ സഹായം കേരളത്തെ സംബന്ധിച്ചിടത്തോളം കിട്ടുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുകയാണ്.....(ബഹളം)..... തോക്കിൽ കയറി വെടിവയ്ക്കരുത്. നമുക്ക് ഇത്ര അക്ഷമത വേണോ? നമ്മുടെ ഈ പ്രശ്നത്തെ സംബന്ധിച്ചും പ്രതിപക്ഷവും ഭരണകക്ഷികളും ഒരുമിച്ച് നിന്നുകൊണ്ട് കേരളത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കണമെന്ന് ഇത്ര ഉത്തരവാദിത്വത്തോടുകൂടി ഞങ്ങൾ പറയുമ്പോൾ അത് കേന്ദ്രം പ്രവർത്തിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

ശ്രീ. ഇ. കെ. നായനാർ : അവിടെ വന്ന വിദഗ്ദ്ധൻമാർ അവരുടെ രാജ്യത്തേക്ക് പോയിരിക്കുകയാണ്. ഇന്നലത്തെ പത്രത്തിൽ വന്ന റിപ്പോർട്ടെന്താണെന്നു വച്ചാൽ, അവർ അവരുടെ രാജ്യത്തേക്ക് പോയിരിക്കുകയാണ്. ഒരാഴ്ച കഴിഞ്ഞ് തിരിച്ച് ഡൽഹിയിൽ പോയിരിക്കും. രണ്ടാഴ്ച കഴിഞ്ഞാണ് ഇവിടെ റിപ്പോർട്ട് തരാൻ പോകുന്നത്; എന്ന് ഇന്നലത്തെ ഇംഗ്ലീഷ് പത്രത്തിൽ റിപ്പോർട്ട് ചെയ്തു. ഇതിനെപ്പറ്റി വല്ല വിവരവുമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : ഇതിന്റെ കൃത്യമായ ഡേറ്റൊന്നും തരാൻ ഒക്കുകയില്ല. ഡേറ്റിനെ സംബന്ധിച്ചിടത്തോളം ഒന്നോ രണ്ടോ ഡേറ്റൊന്നും നമുക്ക് പ്രസക്തമല്ല. നമുക്ക് പ്രസക്തമായിട്ടുള്ളത് നമ്മെ സംബന്ധിച്ചിടത്തോളം നമ്മൾ ഏറ്റെടുത്തിരിക്കുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങൾ പൂർണ്ണമായി നടപ്പിലാക്കാനാവശ്യമായ സാമ്പത്തിക സഹായം വേണമെന്നുള്ളതാണ്. അത് കിട്ടുമെന്നാണ് പ്രത്യാശിക്കുന്നത്. അതുകൊണ്ട് ഈ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ നടുവിൽ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം മുഴുവൻ ശ്രദ്ധയും ആ വശത്തേക്ക് തിരിച്ചുവിട്ടിരിക്കുന്ന സന്ദർഭത്തിൽ പ്രതിപക്ഷങ്ങളുടെ സഹായസഹകരണങ്ങൾ, പൂർണ്ണമായ പിന്തുണ ഈ ഗവൺമെന്റിന്റെ ഈ സംരംഭത്തെ സംബന്ധിച്ചിടത്തോളം ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ച് ഈ ധനവിനിയോഗ ബില്ല് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ദുരിതാശ്വാസത്തെ സംബന്ധിച്ച് നമ്മുടെ സമീപനത്തിൽ ഒരു മാറ്റമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇത് ഭരണകക്ഷി നേടിയെടുക്കുന്ന ഒരു നേട്ടവും പ്രതിപക്ഷം അതിന് എതിരാണെന്ന ഒരു തോന്നലുണ്ടാക്കുന്ന രീതിയിലാകരുത്. നമ്മൾ കൂട്ടമായിട്ടാണ് ശ്രമിക്കേണ്ടത്. ഈ വാങ്ങിക്കുന്നതെല്ലാം കൂട്ടായിട്ടാണ്. 25 കോടി രൂപ കിട്ടി, അത് ചെലവഴിച്ചു കഴിഞ്ഞു. പോരാതെ വന്നതിനാണ് 15 കോടി ചോദിച്ചിട്ടുള്ളത്. കേന്ദ്രം അത് തരാമെന്ന് പറഞ്ഞു. മാത്രമല്ല, വിദഗ്ദ്ധ കമ്മിറ്റി-ഇവിടെ വന്ന ടീം-അവരുടെ റിപ്പോർട്ട് പൂർത്തിയാക്കിയിട്ടുണ്ട്. അത് സമർപ്പിച്ച് 2-ാം തീയതി അവസാനമായി തീരുമാനിക്കേണ്ടതിനായി അവരുടെ കമ്മിറ്റി യോഗം നിശ്ചയിച്ചിട്ടുണ്ട്. ഇതിനിടയിൽ ഞങ്ങൾ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുള്ളത് 7-ാം ധനകാര്യ കമ്മീഷന്റെ ശുപാർശയനുസരിച്ച് 75 ശതമാനം ഗ്രാന്റ് കേന്ദ്രത്തിന്റേയും 25 ശതമാനം സ്റ്റേറ്റുമെടുക്കണമെന്നുള്ളതാണ് വ്യവസ്ഥ. ഈ വ്യവസ്ഥ അംഗീകരിക്കുകയാണെങ്കിൽ സ്റ്റേറ്റിനെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടുണ്ട്. കാരണം ഓൺഗോയിംഗ് പ്രോഗ്രാം മുന്നോട്ടു കൊണ്ടുപോകുന്നതിനുവേണ്ടി പ്ലാനിൽ പണം തികയാതെ വരുന്ന സാഹചര്യത്തിൽ കൂടുതൽ പണം ചെലവഴിക്കാൻ സ്റ്റേറ്റിന് ബുദ്ധിമുട്ടുണ്ടാകും. ആ ബുദ്ധിമുട്ടൊഴിവാക്കികിട്ടുന്നതിന് വേണ്ടി മുഴുവനും ഗ്രാന്റായിട്ട് തരണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. അതിനാവശ്യമായ രേഖകളും വസ്തുതകളും ഞങ്ങൾ കേന്ദ്രത്തിനു മുൻപാകെ നിരത്തി വച്ചിട്ടുണ്ട്. ഇന്നോളവും കേന്ദ്രമെടുത്തിട്ടുള്ള നിലപാട് ഈ സ്റ്റേറ്റിനോട് അനുഭാവപൂർവ്വമായിട്ടുള്ളതാണ്. കഴിഞ്ഞ മാസം നമുക്ക് 125000 ടൺ അരി അനുവദിച്ചുതന്നു. ഇത്തവണ 25000 ടൺ എക്സ്ട്രാ ഈ ആഗസ്റ്റിലേക്ക് അനുവദിച്ചുതന്നിട്ടുണ്ട്.

സർ, പഞ്ചസാരയെ സംബന്ധിച്ചിടത്തോളം ജൂലൈ മാസത്തിൽ പറഞ്ഞതത്രയും എടുത്തു. നിർഭാഗ്യവശാൽ അതിന്റെ റിപ്പോർട്ട് കിട്ടിയപ്പോൾ വൈകിയിട്ടുണ്ടോയെന്ന് നിശ്ചയമില്ല. അലോട്ട് ചെയ്ത പഞ്ചസാര എടുത്ത് അഞ്ചു രൂപ തൊണ്ണൂറ് പൈസയ്ക്ക് ഇന്ന് സ്റ്റേറ്റിൽ വിതരണം ചെയ്യുന്നുണ്ട്. പാർലമെന്റിൽ എന്തു പറഞ്ഞാലും ഞാൻ അതിനെ ചോദ്യം ചെയ്യുകയില്ല. ഈ സ്റ്റേറ്റിനെ സംബന്ധിച്ചിടത്തോളം അത് വാങ്ങിയിട്ടുണ്ട്. ഇതിന്റെ രേഖ ആർക്കു വേണമെങ്കിലും കാണിച്ചു കൊടുക്കും.

ശ്രീ. ഇ. കെ. നായനാർ : ഒറ്റ വിശദീകരണം തരാമോ? കാരണം ഡൽഹിയിൽ നിന്ന് വന്നതല്ലേ? ശരിയായിട്ട് മനസ്സിലാക്കാൻ വേണ്ടിയാണ്. ഇന്നലത്തെ ഹിന്ദുവിൽ ഇവിടെ വന്നിട്ടുള്ള ടീമിലെ മെമ്പർമാരാരും ഡൽഹിയിൽ ഇല്ല, അവർ അവരുടെ രാജ്യത്തേക്ക് പോയിരിക്കുകയാണ്, അവർ തിരിച്ചു വന്നിട്ടു വേണം റിപ്പോർട്ട് പൂർത്തിയാക്കാനും ഗവൺമെന്റിന് സബ്മിറ്റ് ചെയ്യാനുമെന്നു പറയുമ്പോൾ, ഇവിടെ പറഞ്ഞു, റിപ്പോർട്ട് പൂർത്തിയാക്കി കഴിഞ്ഞുവെന്ന്. ഈ വസ്തുത ശരിയാണോ?

ശ്രീ. കെ. കരുണാകരൻ : ഞാൻ ഒന്നിലധികം തവണ പറഞ്ഞതാണ്, പത്ര റിപ്പോർട്ട് കണ്ട് അതാണ് എന്ന അന്തിമ തീരുമാനത്തിലെത്തരുതെന്ന്. ആ വിദഗ്ദ്ധ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ച് 2-ാം തീയതി പരിഗണനയ്ക്കായി വച്ചിരിക്കുകയാണ് എന്നാണ് ഞങ്ങൾക്ക് വിവരം കിട്ടിയിരിക്കുന്നത്. ആ വിവരമനുസരിച്ച്, ഇന്നേവരെ കിട്ടിയിട്ടുള്ള വിവരങ്ങളൊന്നും തെറ്റല്ലായെന്നുള്ളതുകൊണ്ട് ഞങ്ങൾ അത് സംസാരിക്കാൻ യാതൊരു കാര്യവുമില്ല.

1985-ലെ 3-ാം നമ്പർ ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുത്തിരിക്കുന്നു.

വകുപ്പ് തിരിച്ചുള്ള ചർച്ച

രണ്ടും മൂന്നും വകുപ്പ്—ഭേദഗതി ഇല്ല.

രണ്ടും മൂന്നും വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

പട്ടിക—ഭേതഗതിയില്ല.

പട്ടിക ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും—ഭേദഗതി ഇല്ല.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന—ബിൽ പരിഗണന

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : 1985-ലെ കേരള ധനവിനിയോഗ (മൂന്നാം നമ്പർ) ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ബേബി ജോൺ : സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. മൂന്നാം വായനയിൽ ഒന്നു രണ്ടു കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു വേണ്ടിയാണ് പ്രധാനമായും ഞാൻ ഇതിനെ എതിർക്കുന്നത്. ഞാൻ ഇതിലെ വിശ

LIBRARY ARCHIVES Kerala Legislative Assembly

ദാംശങ്ങളിലേക്കൊന്നും കടക്കുന്നില്ല. ബഹുമാന്യനായ മുഖ്യമന്ത്രിതന്നെ ഇപ്പോൾ ഇവിടെ പറഞ്ഞു, പ്രകൃതിക്ഷോഭത്തെ സംബന്ധിച്ചുണ്ടായ നാശനഷ്ടങ്ങളെ സംബന്ധിച്ചും—കേന്ദ്രഗവൺമെന്റ് സ്വീകരിച്ച നയ പരിപാടികളെ സംബന്ധിച്ചും. എനിക്ക് അതിൽ തർക്കമൊന്നുമില്ല. അത് ഏഴാം ധനകാര്യ കമ്മീഷന്റെ ശുപാർശയിൽ തന്നെയുണ്ട്, ഗ്രാന്റും ലോണും 75 : 25 എന്ന റേഷ്യോയിൽ എടുക്കണമെന്നു പറഞ്ഞു. അതിന് താഴെ അസാധാരണമായ രീതിയിൽ ഇങ്ങനെ പ്രകൃതിക്ഷോഭം ഉണ്ടാവുകയാണെങ്കിൽ, നാശ നഷ്ടങ്ങളുണ്ടാവുകയാണെങ്കിൽ മുഴുവനും ഗ്രാന്റായിട്ട് കൊടുക്കാമെന്ന് ഏഴാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിൽതന്നെയുണ്ട്. അത് പുതിയ കാര്യമൊന്നുമല്ല. അത് ഇതേവരെ നടപ്പാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല, വരൾച്ച കാലത്തും അത് നടപ്പാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല; ഇപ്പോഴും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. എന്നിട്ട് അത് ഇപ്പോൾ പറയുന്നത് നമ്മൾ ഇപ്പോൾ അങ്ങനെ ചെയ്യാമെന്നാണ്. ഇത് നേരത്തെ പറയേണ്ടതായിരുന്നു. ഞാൻ തന്നെ വരൾച്ചക്കാലത്ത് ഈ സഭയിൽ പറഞ്ഞതാണ്. അത് നേരത്തെ ഇതിൽ വകുപ്പില്ലായെന്നു പറഞ്ഞു. ഏതായാലും ഇപ്പോൾ പ്രകൃതിക്ഷോഭം വന്നപ്പോൾ വകുപ്പുണ്ടായല്ലോ? അത് നന്നായി. അതുപോലെതന്നെ ഇപ്പോൾ പറഞ്ഞു, കമ്മ്യൂണിക്കേഷൻ ഗ്യാപ്പാണെന്ന്. ഞാൻ അത് സമ്മതിക്കാൻ തയ്യാറാണ്. ഇന്നലെ പാർലമെന്റിൽ കേന്ദ്രത്തിന്റെ ഒരു മന്ത്രി പറഞ്ഞു, കേരളത്തിൽ അലോട്ട് ചെയ്ത 3285 ടൺ പഞ്ചസാരയിൽ എടുത്തത് 30 ടൺ മാത്രമാണെന്ന്. എവിടുന്നാണ് കേന്ദ്ര മന്ത്രിക്ക് ഈ വിവരം കിട്ടുന്നത്? നമുക്കൊക്കെ അറിയാമല്ലോ ഇതിന്റെ നടപടിക്രമം. അങ്ങനെ ഒരു ചോദ്യം വന്നാൽ ആ ചോദ്യം സംസ്ഥാന ഗവൺമെന്റിന് അയയ്ക്കുന്നു. സംസ്ഥാന ഗവൺമെന്റ് കൊടുക്കുന്ന മറുപടിയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര ഗവൺമെന്റ് പാർലമെന്റിൽ മറുപടി പറയുന്നത്. നിങ്ങൾ എഴുതിക്കൊടുക്കാതെയാണോ മുപ്പതിനായിരമെന്ന് ശ്രീ. വീരേന്ദ്രസിംഗ് കണ്ടു പടിച്ചത്. നിങ്ങൾ കേന്ദ്ര ഗവൺമെന്റിന് മറുപടിയായി കൊടുത്തത് മുപ്പതിനായിരമാണ് എടുത്തിട്ടുള്ളതെന്ന്. ആ മറുപടിയാണ് പാർലമെന്റിൽ പറഞ്ഞത്. ഇതിൽ കാര്യക്ഷമതയില്ലായ്മയുണ്ട്.

ശ്രീ. യു. എ. ബീരാൻ : ഞങ്ങൾ അങ്ങനെ മറുപടി കൊടുത്തിട്ടില്ല.

ശ്രീ. ബേബി ജോൺ : ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി പറയുമ്പോൾ ഞാൻ നിഷേധിക്കാൻ തയ്യാറല്ല. സാധാരണയുള്ള നടപടി ക്രമങ്ങളിൽ സംസ്ഥാനത്തെ ബാധിക്കുന്ന പ്രശ്നങ്ങൾ വരുമ്പോൾ സംസ്ഥാനത്തിന്റെ അഭിപ്രായം ചോദിക്കുകകൂടി ചെയ്യും. സ്ഥിതിവിവരക്കണക്കുകൾ നേരിട്ട് കേന്ദ്രത്തിന് അയയ്ക്കുകയല്ല. സംസ്ഥാനത്തിൽനിന്നുകൂടെ സ്ഥിതിവിവരങ്ങൾ ശേഖരിച്ചാണ് മറുപടി പറയുന്നത്. ഇത് ഞാൻ പറയുന്നത് നേരത്തെ മറുപടി പറയുന്ന സമയത്ത് വെറും 30 ടൺ മാത്രമേ എടുത്തിട്ടുള്ളൂ.

ശ്രീ. ഇ. അഹമ്മദ് : നേരത്തെ ബഹുമാനപ്പെട്ട മന്ത്രി, അപ്പപ്പോൾ പാർലമെന്റിൽ കിട്ടുന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ കിട്ടുന്ന മറുപടി കൂടുതൽ ഡീറ്റെയിൽസ് വന്നപ്പോൾ തിരുത്തിയതായ ഒരു പാരമ്പര്യം ഉണ്ടായതായി പറഞ്ഞു. അത് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. ബേബി ജോൺ : ഞാൻ അതുതന്നെയാണ് പറയുന്നത്. പാർലമെന്റിൽ കൊടുക്കുന്ന മറുപടി വച്ചുകൊണ്ട് കൊടുക്കുന്ന വിവരങ്ങൾ എന്നു പറയുന്നത് ഒന്ന്, സംസ്ഥാന ഗവൺമെന്റ് കൊടുത്തിരുന്ന മറുപടിയിൽ ഇങ്ങനെയാണ് വന്നിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ കമ്മ്യൂണിക്കേഷൻ ഗ്യാപ്പ് അല്ലെങ്കിൽ കാര്യക്ഷമതയില്ലായ്മ. ഇങ്ങനെ കാര്യക്ഷമതയോടുകൂടി സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിച്ച് പ്രവർത്തിക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് വളരെ സൂക്ഷ്മതയോടുകൂടി നമ്മുടെ സംസ്ഥാനത്തിന്റെ ഉത്തമ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി മുമ്പോട്ടു പോകണമെന്നാണ് എനിക്ക് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. ഇ. കെ. നായനാർ : സർ, 43 കോടി രൂപയിൽ മൂന്നുകോടി രൂപയിലധികം പ്ലാൻ വിഹിതമായിട്ടും ബാക്കി നാൽപ്പതു കോടി രൂപ വെള്ളപ്പൊക്കത്തിന് ദുരിതാശ്വാസമായിട്ടുള്ളതുമാണ്. നമ്മുടെ സംസ്ഥാനത്തിന് നേരിട്ടുള്ള കെടുതിയുണ്ട്. മുഴുവൻ തുകയും തരണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടുവെന്ന പത്രറിപ്പോർട്ട് ശരിയാണ്. അത് മുഴുവൻ തരണം. രണ്ടു മന്ത്രിമാരുംകൂടി കേന്ദ്രത്തിൽപോയി. രണ്ടുപേരും കൂടി പോയിട്ട് ഒരു അഷ്വറൻസും കിട്ടാതെയാണ് തിരിച്ചുവന്നത്. കിട്ടുമെന്നല്ല മുഴുവൻ തുകയും കിട്ടണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. ഒരു അഷ്വറൻസും കിട്ടിയില്ല. അനുഭാവപൂർവ്വം പ്രധാനമന്ത്രി പിൻമാറി. ഇവർ അവിടെ പോയതിനിടയ്ക്ക് ഒരു ചോദ്യത്തിനുത്തരമായിട്ട് പ്ലാനിന് ഒരു പൈസ ഇവിടെ തരുകയില്ലെന്നാണ് ശ്രീ പൂജാരി പറഞ്ഞത്. പ്ലാൻ ഡെഫിസിറ്റിലേയ്ക്ക് ശ്രീ. മാണിക്ക് ഒരു പൈസ തരുകയില്ലെന്ന് ഡെപ്യൂട്ടി ധനകാര്യമന്ത്രി പറഞ്ഞു. അതേസമയത്ത് ദുരിതാശ്വാസത്തിന് പതിനഞ്ചു കോടി രൂപ തരാമെന്നു പറഞ്ഞു. മുഴുവൻ തുകയും കിട്ടേണ്ടതാണ്. എട്ടാം ധനകാര്യകമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചത് മൂന്ന് ഐറ്റമായിട്ടാണ്. ഒന്ന് രണ്ടരക്കോടി നമ്മൾ ചെലവാക്കിയാൽ രണ്ടരക്കോടി കേന്ദ്രം തരും. വെള്ളപ്പൊക്കമായാൽ വെള്ളം കുറേക്കൂടി കയറി വീട് നഷ്ടമായാൽ എഴുപത്തിയഞ്ച് ശതമാനം കേന്ദ്രം തരും. ഇരുപത്തിയഞ്ച് ശതമാനം നമ്മൾ ചെലവാക്കണം. അതിനേക്കാളും കൂടുതൽ പ്രകൃതിക്ഷോഭമുണ്ടായി വീടുകൾ മുഴുവൻ തകർന്നു പോയാൽ.....എട്ടാം ധനകാര്യ കമ്മീഷൻ മൂന്നാമത് പറഞ്ഞിട്ടുള്ളത് ഏറ്റവുമധികം നഷ്ടം വരികയാണെങ്കിൽ അതിന് മുഴുവൻ പൈസയും നമുക്കു തരണമെന്നാണ്. ആ രീതിയിൽ പ്ലാനിന് പൈസ നമുക്ക് തരുന്നില്ല. അതുപോലെതന്നെ 8-ാം ധനകാര്യകമ്മീഷൻ ശുപാർശ ചെയ്ത മുഴുവൻ തുകയും തരുന്നില്ല. കഴിഞ്ഞ വർഷം ആയിരം കോടിയിൽ നാൽപ്പതുകോടിയേ തന്നുള്ളൂ. അതുതന്നെ ലോണാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് മുഴുവൻ വസ്തുതയ്ക്ക് നിരക്കുന്നത് ആയിരുന്നില്ല. അതുപോലെതന്നെ ഒരുലക്ഷത്തി മുപ്പതിനായിരം ടൺ അരി മുമ്പ് തന്നിരുന്നു. ഇപ്പോൾ ഒരുലക്ഷത്തി പതിനൊന്നായിരമേ തരുന്നുള്ളൂ. അതുപോലെ മൂവായിരത്തി ഇരുനൂറ് ടൺ പഞ്ചസാര മുമ്പ് തന്നുകൊണ്ടിരുന്നു. ഇന്ന് അത്രയും കിട്ടുന്നില്ലെന്ന് ശ്രീ. ബേബി ജോൺ ഇവിടെ പറഞ്ഞു. നിങ്ങൾ രോഷം കൊള്ളേണ്ട കാര്യമില്ല. എങ്ങനെയാണ് കേന്ദ്ര ഗവൺമെന്റ് പാർലമെന്റിൽ മറുപടി പറയുന്നതെന്ന് നമുക്കറിയാം. നമുക്ക് അനുഭവമുണ്ട്. ഇവിടെനിന്ന് അയയ്ക്കുന്ന റിപ്പോർട്ടനുസരിച്ചാണ് കേന്ദ്രത്തിൽ മന്ത്രി മറുപടി പറയുന്നത്. നിങ്ങൾ അനുവദിച്ചത്പോലും എടുക്കാതെ വസ്തുനിഷ്ടമായ മറുപടി പറയാതെ അവകാശം നേടാൻ യോജിച്ച് പരിശ്രമിക്കുന്നില്ല. ഈ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള അപ്രോപ്രിയേഷൻ ബില്ലിനെ ഒരിക്കൽ കൂടി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, ഇന്നലെ ദുരിതാശ്വാസത്തിനുവേണ്ടി സപ്ലിമെന്ററി ഡിമാന്റ് അവതരിപ്പിച്ചപ്പോൾ ഞങ്ങൾ പോൾ ചോദിച്ചില്ല. ധനകാര്യമന്ത്രിയുടേയും മുഖ്യമന്ത്രിയുടേയും മറുപടി കേട്ടപ്പോൾ ഇത് വിനിയോഗിക്കാൻ ഇവർക്ക് ധാർമ്മികമായ അവകാശമില്ലെന്ന് ബോദ്ധ്യപ്പെട്ടിരിക്കുന്നു. എത്ര കോടി രൂപ കിട്ടിയെന്ന് ചോദിച്ചപ്പോൾ ധനകാര്യമന്ത്രി മറുപടി പറഞ്ഞില്ല. മുഖ്യമന്ത്രി 25 കോടി രൂപ പതിനഞ്ചുകോടി രൂപ എന്നൊക്കെ പറഞ്ഞു. ഇത് ഗ്രാന്റാണോ ലോണാണോയെന്ന് ഒന്നും പറഞ്ഞില്ല. മൂന്നു ദിവസം ഡൽഹിയിൽപ്പോയി താമസിച്ചു. ഒരു പ്രതീക്ഷയെങ്കിലും ഈ നിയമസഭയ്ക്ക് കൊടുക്കാൻ കഴിഞ്ഞില്ല. നാളെക്കഴിഞ്ഞ് നിയമസഭാ സമ്മേളനം തീരും. ഒരു പ്രതീക്ഷയെങ്കിലും നൽകാൻ മുഖ്യമന്ത്രിക്ക് കഴിഞ്ഞില്ല. അതുകൊണ്ട് ഇതിനെ ഞാൻ എതിർക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഞാൻ പ്രതിപക്ഷത്തോട് വളരെ അഭിമാനത്തോടുകൂടി പറയുകയാണ്. ഉന്നയിക്കുന്ന വാദഗതികൾ കുറേക്കൂടി കട്ടിയുള്ളതായിരുന്നെങ്കിൽ കൊള്ളാമായിരുന്നു. പാർലമെന്റിൽ ബഹുമാനപ്പെട്ട മന്ത്രി പഞ്ചസാര എടുത്തില്ലെന്ന് പറയുമ്പോൾ സംസ്ഥാന ഗവൺമെന്റ് ആധികാരികമായിട്ട് ആണ് പറയുന്നത്. ഈ സഭാതലത്തിലാണ് പറയുന്നത്. ഈ മാസം പഞ്ചസാര എടുത്ത് വിതരണം ആരംഭിച്ചു കഴിഞ്ഞു. അതിന്റെ ഡേറ്റ് വരെ കാണിച്ചുതരാൻ തയ്യാറാണ്. ഈ ഗവൺമെന്റിന്റെ കഴിവുകേടിനെ വിമർശിക്കാൻവേണ്ടി കൊണ്ടുവരുന്ന വാദഗതികൾ ഇത്ര തുരുമ്പ് പിടിച്ചതാകരുതെന്ന് അപേക്ഷിക്കുകയാണ്.

ശ്രീ. ബേബിജോൺ : അങ്ങ് ഗവൺമെന്റിനുവേണ്ടി പറയുന്നത് വിശ്വസിക്കുകയാണ്. കേന്ദ്രപാർലമെന്റിൽ ഇങ്ങനെയൊരു മറുപടി ചോദ്യോത്തരസമയത്ത് വന്നതാണ്. അതിൽ കമ്മ്യൂണിക്കേഷൻ ഗ്യാപ്പ് ഉണ്ടെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. കെ. കരുണാകരൻ : ഇന്നലെതന്നെ പാർലമെന്റിലെ കേരളത്തിലുള്ള മെമ്പർമാരോട് ഇത് ശ്രദ്ധയിൽ കൊണ്ടുവരാൻ പറഞ്ഞിട്ടുണ്ട്. ഇതിനുമുമ്പ് അദ്ദേഹം അങ്ങനെയൊരു സ്റ്റേറ്റുമെന്റ് കൊടുത്തിട്ട് കൃഷിവകുപ്പുമന്ത്രി അത് തിരുത്തി. മറ്റൊന്ന് ഫൈനാൻസ് കമ്മീഷന്റെ റെക്കമെന്റേഷനെപ്പറ്റി ശ്രീ. ബേബി ജോൺ പറഞ്ഞ മറ്റൊരു വകുപ്പും അതിൽ ഉണ്ട്. അതുതന്നെയാണ് ഞങ്ങൾ പറയുന്നത്. എഴുപത്തിയഞ്ചു ശതമാനം കഴിച്ച് 25 ശതമാനം തരുന്നതിനുള്ള വാദഗതി ഉന്നയിച്ചു. കേരളത്തിൽ ഉണ്ടായ ദുരിതം റെയർ സിവിയർ കലാമിറ്റിയാണെന്ന് കേന്ദ്രത്തെ മനസ്സിലാക്കിക്കൊടുക്കാൻ നമുക്ക് സാധിച്ചു. രണ്ടോ മൂന്നോ ദിവസം, കുറെ താമസിച്ചാലും കുഴപ്പമില്ല. പാർലമെന്റിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കാര്യം നിങ്ങൾ പത്രത്തിൽ വായിച്ചു. കൃഷിമന്ത്രി പറഞ്ഞു കേരളത്തിൽ റെയർ സിവിയർ കലാമിറ്റിയാണെന്ന്. ഫൈനാൻസ് കമ്മീഷന്റെ റക്കമെന്റേഷൻ അനുസരിച്ച് ഇത് മുഴുവൻ ഗ്രാന്റായിട്ട് കിട്ടണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതാണ്. പ്രതിപക്ഷനേതാവ് ചോദിച്ചു എന്ത് കിട്ടിയെന്ന്. കമ്മിറ്റി അതിന്റെ അവസാന റിപ്പോർട്ട് കൊടുക്കുന്നത് രണ്ടാം തീയതിയാണ്. ഞങ്ങൾ നാൽപ്പതുകോടി രൂപ ഇതിലേക്ക് അഡ്വാൻസായിട്ട് വാങ്ങിച്ചിരിക്കുകയാണ്. അത് ഗ്രാന്റാണെന്നുള്ള കാര്യം വ്യക്തമാണ്. 75 ശതമാനം ഗ്രാന്റാണെന്നുള്ള കാര്യത്തിൽ തർക്കമില്ല. ആ പണത്തിന് കമ്മിറ്റി റെക്കമെന്റ് ചെയ്ത് അന്തിമമായിട്ട് ഗവൺമെന്റ് ഓഫ് ഇന്ത്യ എടുക്കുന്ന തീരുമാനത്തിന് വിധേയമായിട്ട് നാൽപ്പതുകോടി രൂപ അനുവദിച്ചിരിക്കുകയാണ്.

ശ്രീ. ബേബി ജോൺ : അങ്ങ് പത്രക്കാരോട് പറഞ്ഞത് 15 കോടി രൂപ പ്രതീക്ഷിക്കുന്നുവെന്നാണ്. ഇപ്പോൾ നാൽപ്പത് കോടി കിട്ടിയെന്ന് പറഞ്ഞു..അതാണ് ശരി.

ശ്രീ. കെ. കരുണാകരൻ : 25 കോടി രൂപ കിട്ടിക്കഴിഞ്ഞു. 15 കോടി റിലീസ് ചെയ്തു തരാമെന്ന് പറഞ്ഞിട്ടുണ്ട്. അത് വാങ്ങിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മുഖ്യമന്ത്രിയായിരുന്ന കാലത്ത് 1,25,000 ടൺ അരി അനുവദിച്ചുവെന്ന് പറഞ്ഞു. അതാണ് ഈ സ്റ്റേറ്റിന്റെ കഷ്ടകാലം അല്ലെങ്കിൽ ദുരിതം. പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രിയായിട്ടുള്ള 21 മാസത്തിനകം ഒരു ലക്ഷത്തിനുമേൽ അരി എടുക്കാൻ അന്നത്തെ ഗവൺമെന്റിന് കഴിയാതെവന്നതുകൊണ്ട് കേരളത്തിന്റെ അവകാശം നഷ്ടപ്പെടുത്തി. ഞങ്ങൾ തിരിച്ചെടുത്തിരിക്കുന്നു. ഒരു ലക്ഷത്തിമുപ്പത്തയ്യായിരം ടൺ അരി ഈ തവണ അനുവദിച്ചു. അത് മുഴുവനും ഈ ഗവൺമെന്റ് എടുക്കുന്നുണ്ട്. പോരാതെ വരുന്നത് ഇനിയും കിട്ടാൻ ശ്രമിക്കും. ഇത്രയുമേ എനിക്ക് പറയാനുള്ളൂ.

ശ്രീ. കെ. ചന്ദ്രശേഖരൻ : ജനതാ ഗവൺമെന്റ് ഭരിച്ചിരുന്ന കാലത്ത് 90000 ടൺ അരിപോലും എടുക്കാൻ കഴിഞ്ഞിട്ടില്ല. കാരണം എന്താണെന്നു വച്ചാൽ റേഷൻ അരിയുടെ ആവശ്യമില്ല. റേഷൻ ഷോപ്പിലുള്ള അരി ആരും വാങ്ങിക്കുകയില്ല. ശ്രീ. നായനാർ ഭരിച്ചിരുന്ന കാലത്തും അരി അത്രയൊന്നും ആവശ്യമുണ്ടായിരുന്നില്ല. റേഷൻ ഷോപ്പിലൂടെ അരി വാങ്ങിക്കേണ്ട ആവശ്യമില്ല. ജനറൽ മാർക്കറ്റിൽ അരി വില കുറച്ച് കിട്ടുമായിരുന്നു. അതുകൊണ്ട് ദുരിതമെന്നല്ല പറയേണ്ടത് അതുകൊണ്ട് ഈ സ്റ്റേറ്റിന്റെ ഏറ്റവും നല്ല സ്വർഗ്ഗകാലമായിരുന്നുവെന്നാണ് പറയേണ്ടത്.

ശ്രീ. കെ. കരുണാകരൻ : ബഷീറിന്റെ കഥയിലെ "സ്റ്റുപ്പുപ്പാക്കൊരാനേണ്ടാർന്നു" എന്നത് മാത്രമേ ഇതിന് സിമിലിയായിട്ട് പറയാനുള്ളൂ.

ശ്രീ. ഇ. കെ. നായനാർ : ഇപ്പോൾ തന്നെ വിരുദ്ധമായിട്ടാണ് പറഞ്ഞത്. റിപ്പോർട്ട് കൊടുത്തുവെന്ന് ആദ്യം പറഞ്ഞു. ഇപ്പോൾ പറഞ്ഞു 2-ാം തീയതിയേ കൊടുക്കുകയുള്ളൂ എന്ന്.

ശ്രീ. കെ. കരുണാകരൻ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് എല്ലാ കാര്യങ്ങളും മനസ്സിലാകുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. വിദഗ്ദ്ധ ടീം അവരുടെ റിപ്പോർട്ട് കൊടുത്തു; കമ്മിറ്റി 2-ാം തീയതി കൂടുന്നു. ഇതുപോലും അങ്ങ് മനസ്സിലാക്കാതിരിക്കുന്നത് നിർഭാഗ്യകരമാണ്.

മി. സ്പീക്കർ : 1985-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ല് പാസാക്കുന്ന പ്രശ്നം സംബന്ധിച്ച്.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭ താഴെ പറയും പ്രകാരം രണ്ടായി പിരിഞ്ഞ് വോട്ടെടുപ്പ് നടത്തി.

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ—69

1. ശ്രീ. ഇ. അഹമ്മദ്
2. ,, സി. ടി. അഹമ്മദ് അലി
3. ,, കെ. അവുക്കാദർകുട്ടിനഹ
4. ,, ആർ. ബാലകൃഷ്ണപിള്ള
5. ,, തെന്നല ജി. ബാലകൃഷ്ണപിള്ള
6. ,, പി. കെ. കെ. ബാവ
7. ,, യു. എ. ബീരാൻ
8. ,, ബെന്നി ബഹനാൻ
9. ,, വി. ദിനകരൻ
10. ,, എം. പി. ഗംഗാധരൻ
11. ,, എ. ജോർജ്ജ്
12. ,, പി. സി. ജോർജ്ജ്
13. ,, കെ. എം. ഹംസക്കുഞ്ഞ്
14. ,, എം. എം. ഹസ്സൻ
15. ,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ
16. ,, എ. എൽ. ജേക്കബ്ബ്
17. ,, റ്റി. എം. ജേക്കബ്ബ്
18. ,, സി. ജി. ജനാർദ്ദനൻ
19. ,, റ്റി. എസ്. ജോൺ
20. ,, എ. സി. ജോസ്
21. ഡോക്ടർ കെ. സി. ജോസഫ്
22. ശ്രീ. കെ. സി. ജോസഫ്
23. ,, പി. ജെ. ജോസഫ്
24. ,, വി. വി. ജോസഫ്
25. ശ്രീമതി എം. കമലം
26. ശ്രീ. കെ. ജി. ആർ. കർത്താ
27. ,, ജി. കാർത്തികേയൻ
28. ,, കെ. കരുണാകരൻ
29. ,, പി. കെ. കുഞ്ഞാലിക്കുട്ടി
30. ,, മണിമംഗലത്തു കുട്ട്യാലി.
31. ,, ഇ: ജെ. ലൂക്കോസ്
32. ,, കെ. പി. എ. മജീദ്
33. ,, കെ. എം. മാണി
34. ,, എം. വി. മാണി
35. ശ്രീ. കെ. മുഹമ്മദാലി
36. ,, പി. എ. മുഹമ്മദ് കണ്ണ്
37. ,, ടി. എച്ച്. മുസ്തഫ
38. ,, കെ. എസ്. നാരായണൻ നമ്പൂതിരി
39. ,, കെ. പി. നൂറുദ്ദീൻ
40. ,, ഉമ്മൻചാണ്ടി
41. ,, സി. വി. പത്മരാജൻ
42. ,, തച്ചടി പ്രഭാകരൻ
43. ,, കെ. രാഘവൻ മാസ്റ്ററർ
44. ,, രാഘവൻ പൊഴക്കടവിൽ.
45. ,, കെ.കെ. രാമചന്ദ്രൻ മാസ്റ്റർ
46. ,, കെ.പി. രാമചന്ദ്രൻ നായർ
47. ,, എസ്. രാമചന്ദ്രൻ പിള്ള
48 ,, തേറമ്പിൽ രാമകൃഷ്ണൻ
49 ,, രമേശ് ചെന്നിത്തല
50 ,, തോപ്പിൽ രവി
51 ,, വയലാർ രവി
52 ,, പി. സീതിഹാജി
53. ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
54. ,, കടവൂർ ശിവദാസൻ
55. ,, കെ. കെ. ശ്രീനിവാസൻ
56. ,, എൻ. ശ്രീനിവാസൻ
57. ,, പന്തളം സുധാകരൻ
58. ,, കോട്ടക്കുഴി സുകുമാരൻ
59. ,, സി. എം. സുന്ദരം
60. ,, എൻ. സുന്ദരൻ നാടാർ
61. ,, വി. സുരേന്ദ്രൻ പിള്ള
62. ,, പി. പി. തങ്കച്ചൻ
63. ,, സി. എഫ്. തോമസ്
64. ,, കെ. കെ. തോമസ്
65. ,, പി. സി. തോമസ് (തിരുവല്ല)
66. ,, തോമസ് കല്ലംപള്ളി
67. ,, പി. കെ. വേലായുധൻ
68. ,, റ്റി. വി. വിജയരാജൻ
69. ,, എൻ. ശക്തൻ നാടാർ

2/20/2010/DTP.—(2)

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ—61

1. ശ്രീ. ടി. കെ. അബ്ദു
2. ,, എ. വി. അബ്ദുറഹിമാൻ ഹാജി
3. ,, പി. എം. അബൂബേക്കർ
4. ,, കെ. പി. അരവിന്ദാക്ഷൻ
5. ,, ടി. കെ. അറുമുഖൻ
6. ,, ബേബി ജോൺ
7. ,, കെ. കെ. ബാലകൃഷ്ണൻ
8. ,, കോടിയേരി ബാലകൃഷ്ണൻ
9. ,, ഒ. ഭരതൻ
10. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
11. ശ്രീ. സി. കെ. ചക്രപാണി
12. ,, കെ. ആർ. ചന്ദ്രമോഹനൻ
13. ,, കെ. ചന്ദ്രശേഖരൻ
14. ,, എൻ. ചന്ദ്രശേഖരക്കുറുപ്പ്
15. ,, വി. എസ്. ചന്ദ്രശേഖരൻ പിള്ള
16. ശ്രീമതി പി. ദേവൂട്ടി
17. ശ്രീ. കെ. ജെ. ജോർജ്ജ്
18. ശ്രീമതി കെ. ആർ. ഗൗരി
19. ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
20. ,, ടി. കെ. ഹംസ
21. ,, കെ. ഇ. ഇസ്മയിൽ
22. ,, എം. ജിനദേവൻ
23. ,, ജോസ് കുറ്റ്യാനി
24. ,, ഇ. കെ. നായനാർ
25. ,, വി. സി. കബീർ
26. ,, കെ. ടി. കണാരൻ
27. ,, എം. കെ. കേശവൻ
28. ,, വി. കേശവൻ
29. ,, സി. ടി. കൃഷ്ണൻ
30. ,, കെ. കൃഷ്ണൻകുട്ടി
31. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
32. ,, പി. കുമാരൻ
33. ,, പി. വി. കുഞ്ഞിക്കണ്ണൻ
34. ,, ലോനപ്പൻ നമ്പാടൻ
35. ,, ഇ. ടി. മുഹമ്മദ് ബഷീർ
36. ,, സി. പി. മുസ്സാൻ കുട്ടി
37. ,, കെ. മൂസ്സക്കുട്ടി
38. ,, എ. കെ. പത്മനാഭൻ
39. ,, ഇ. പത്മനാഭൻ
40. ,, കെ. പങ്കജാക്ഷൻ
41. ,, ടി. പി. പീതാംബരൻ മാസ്റ്റർ
42. ,, കെ. പി. പ്രഭാകരൻ
43. ,, കെ. പുരുഷോത്തമൻ
44. ,, വർക്കല രാധാകൃഷ്ണൻ
45. ,, എം. വി. രാഘവൻ
46. ,, വി. കെ. രാജൻ
47. ,, കാനം രാജേന്ദ്രൻ
48. ,, കെ. പി. രാമൻ
49. ,, കെ. ശങ്കരനാരായണപിള്ള
50. ,, എ. കെ. ശശീന്ദ്രൻ
51. ,, എ. സി. ഷൺമുഖദാസ്
52. ഡോക്ടർ എ. സുബ്ബറാവു
53. ശ്രീ. കെ. വി. സുരേന്ദ്രനാഥ്
54. ,, എ. വി. താമരാക്ഷൻ
55. ,, സി. കെ. തങ്കപ്പൻ
56. ,, വി. ജെ. തങ്കപ്പൻ
57. ,, പി. സി. തോമസ് (കടുത്തുരുത്തി)
58. ,, ആർ. എസ്. ഉണ്ണി
59. ,, ജി. വരദൻ
60. ,, സി. വാസുദേവമേനോൻ
61. ,, പി. വിജയദാസ്

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ—69

പ്രതികൂലിക്കുന്നവർ—61

നിക്ഷ്പക്ഷത പാലിച്ചവർ ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ല് പാസായിരിക്കുന്നു.

മി. സ്പീക്കർ : 1985-ലെ കേരള ധനവിനിയോഗ (നാലാം നമ്പർ) ബില്ല് പരിഗണനയ്ക്ക് എടുക്കണമെന്ന പ്രശ്നം സംബന്ധിച്ച്,

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഇത് പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

1985-ലെ കേരള ധനവിനിയോഗ (നാലാം നമ്പർ) ബില്ല് പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

ബില്ല് പരിഗണനയ്ക്ക് എടുത്തിരിക്കുന്നു.

വകുപ്പ് തിരിച്ചുള്ള ചർച്ച

രണ്ടും മൂന്നും വകുപ്പുകൾ—ഭേദഗതി ഇല്ല.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക—ഭേദഗതിയില്ല.

പട്ടിക ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും—ഭേദഗതി ഇല്ല.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

നിയമവും ധനകാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ഇത് അവസാനമായി പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1985-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

ബില്ല് പാസായിരിക്കുന്നു.

1985-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബില്ല് പരിഗണനയ്ക്ക് എടുക്കണമെന്ന് പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

ബില്ല് പരിഗണനയ്ക്ക് എടുത്തിരിക്കുന്നു.

വകുപ്പ് തിരിച്ചുള്ള ചർച്ച

രണ്ടും മൂന്നും വകുപ്പുകൾ—ഭേദഗതി ഇല്ല.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും—ഭേദഗതി ഇല്ല.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോയെന്ന എന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

നിയമവും ധനകാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : 1980-81-ലെ അധിക ചെലവായതുകൊണ്ട് പ്രതിപക്ഷം പോൾ ചോദിക്കുകയില്ലായെന്ന് വിശ്വസിക്കുന്നു. ഇത് പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

1985-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

ബില്ല് പാസായിരിക്കുന്നു.

1985-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

ബില്ല് പരിഗണനയ്ക്ക് എടുത്തിരിക്കുന്നു.

വകുപ്പ് തിരിച്ചുള്ള ചർച്ച

രണ്ടും മൂന്നും വകുപ്പുകൾ-ഭേദഗതി ഇല്ല.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക—ഭേദഗതിയില്ല.

പട്ടിക ബില്ലിന്റെ ഭാഗമാക്കാമോ എന്നുള്ള പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും—ഭേദഗതി ഇല്ല.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

ശ്രീ. കെ. എം. മാണി : അവസാനമായി പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

1985-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ പാസ്സാക്കിത്തരണമെന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

ബില്ല് പാസായിരിക്കുന്നു.

1985-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

ബില്ല് പരിഗണനയ്ക്ക് എടുത്തിരിക്കുന്നു.

വകുപ്പ് തിരിച്ചുള്ള ചർച്ച

രണ്ടും മൂന്നും വകുപ്പുകൾ—ഭേദഗതി ഇല്ല.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക—ഭേദഗതിയില്ല.

പട്ടിക ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഒന്നാം വകുപ്പും പീഠികയും പേരും—ഭേദഗതി ഇല്ല.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

നിയമവും ധനകാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : അന്തിമമായി പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

1985-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസായിരിക്കുന്നു.

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(സഭ ഉച്ചകഴിഞ്ഞ് 1.50-ന് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly